**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5102** **20-03-2025 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ ശുചിത്വ പരിപാലന പദ്ധതിക്ക് ഭൂമി വിട്ട് നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ ആരോഗ്യ ശുചിത്വ പരിപാലന പദ്ധതിക്ക് കണ്ടെത്തിയ ഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യ ശുചിത്വ പരിപാലന പദ്ധതിക്ക് ഭൂമി അനുവദിക്കുന്നതിനായി കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷ സംബന്ധമായി പുളിക്കൽ വി<br><br>ല്ലേജിലെ വിവിധ മിച്ചഭൂമികൾ 23/08/2022 ന് റവന്യൂ പഞ്ചായത്ത് ഉദ്യോഗസ്ഥർ സംയുക്ത പരിശോധന നടത്തിയെങ്കിലും ഏത് ഭൂമി വേണമെന്നതിൽ അന്തിമ തീരുമാനമായിട്ടില്ല.<br><br>കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ്മന്ത്രിക്ക് സമർപ്പിച്ച അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ27/10/2024ലെ LSGD/JD/MPM/7262/2024-<br><br>ബി3 നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടറേറ്റിൽ ലഭ്യമായതിൽ, കൊണ്ടോട്ടി താലൂക്ക് പുളിക്കൽ വില്ലേജിലെ ബ്ലോക്ക് നം 8 ൽ 175 /3, 176/1-2 എന്നീ സർവ്വേ നമ്പറിൽ പെട്ട 5 ഏക്കർ ഭൂമിയാണ് പദ്ധതിക്ക് അനുയോ<br><br>ജ്യമായി കണ്ടെത്തിയിരുന്നു. ടി ഭൂമി സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് കൊണ്ട് തഹസിൽദാർക്ക് കത്ത് നല്ലിയിരുന്നതും ആയതിന് ലഭിച്ച റിപ്പോർട്ടിൽ ടി ഭൂമി ചെങ്കുത്തായ, കരിമ്പാറ ഇനത്തിൽപ്പെട്ട പതി<br><br>വിന് ഉപയുക്തമല്ലാത്ത ഭൂമിയാണെന്നും ടി ഭൂമിയുമായി ബന്ധപ്പെട്ട് ശ്രീ മുഹമ്മദലി കെ എം എന്നവർ ബഹു ഹൈക്കോടതിയി ൽ ഫയൽ ചെയ്ത 'WP(C) 10620/2024 നം കേസ് നിലവിലുള്ളതാണെന്നും കൊണ്ടോ |

| | | | |
|---|---|---|---|
| | | | ട്ടി തഹസിൽദാർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ റവന്യൂ അധികാരികളുടെ സാന്നിദ്ധ്യത്തിൽ ടി ഭൂമി പദ്ധതിക്ക് ഉപയുക്തമാണോ എന്ന് നേരിട്ട് പരിശോധിച്ച് പ്രൊപോസൽ സമർപ്പിക്കുന്നതിന് മലപ്പുറം തദ്ദേ<br><br>ശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർക്ക് 15/03/2025ന് കത്ത് നൽകിയിട്ടുള്ളതാണ്. |
| (ബി) | മേൽ വിഷയവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് നൽകിയ കത്തിന്മേൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികളുടെ ഫയൽ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ബ്ലോക്ക് പഞ്ചായത്ത് നൽകിയ കത്തിന്മേൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികളുടെ ഫയൽ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ആരോഗ്യ ശുചിത്വ പരിപാലന പദ്ധതിക്ക് കണ്ടെത്തിയ ഭൂമി പ്രസ്തുത ആവശ്യത്തിന് വിട്ട് നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താമോ; വിശദമാക്കാമോ? | (സി) | ആരോഗ്യ ശുചിത്വ പരിപാലന പദ്ധതിയ്ക്ക് കണ്ടെത്തിയ ഭൂമി പ്രസ്തുത പദ്ധതിയ്ക്ക് ഉപയുക്തമാണെങ്കിൽ നിയമാനുസൃത തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

## Note # 1

<u>സൂചന:- 12.05.2022 -ലെ യു3/83/2022/റവന്യൂ നമ്പർ സർക്കാർ കത്ത്.</u>

കൊണ്ടോട്ടി ഗ്രാമ പഞ്ചായത്തിലെ ശുചിത്വ മിഷൻ പദ്ധതിക്കായി ,പുളിക്കൽ വില്ലേജിലെ ബ്ലോക്ക് 7, 8 ൽ റീസർവ്വെ 94/2A 1 pt, 74/1A , 158/2 , 92/1, 446/1 , 185/3 എന്നീ നമ്പരുകളിലുൾപ്പെട്ട 24.5 ഏക്കർ മിച്ചഭൂമിയിൽ നിന്നും അഞ്ച് ഏക്കർ സ്ഥലം കൊണ്ടോട്ടി ഗ്രാമ പഞ്ചായത്തിന് കൈമാറിക്കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് സെക്രട്ടറി ബഹു . റവന്യൂ മന്ത്രിക്ക് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സൂചന പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

ഈ വിഷയം പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകാവുന്നതാണ്. ഉത്തരവിനായി ഫയൽ സമർപ്പിക്കുന്നു

**26/05/2022 12:41 PM** — **SARINA.H**
**LR(J5) CLR**

---

## Note # 2

മേൽ ഖണ്ഡിക അംഗീകരിക്കാവുന്നതാണ്

**28/05/2022 05:06 PM** — **ANILKUMAR K**
**JS LR(J) CLR**

---

## Note # 3

അംഗീകരിച്ചു

**30/05/2022 09:11 AM** — **ANU.S.NAIR**
**AC(LA) CLR**

---

## Note # 4

ഉത്തരവിൻ പ്രകാരം ജില്ലാ കളക്ടർക്കുള്ള കത്ത് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുന്നു

**30/05/2022 11:26 AM** — **SARINA.H**
**LR(J5) CLR**

---

## Note # 5

അംഗീകരിക്കാവുന്നതാണ്.

**02/06/2022 03:19 PM** — **ANILKUMAR K**
**JS LR(J) CLR**

---

## Note # 6

**02/06/2022 04:47 PM** — **ANU.S.NAIR**

**AC(LA) CLR**

**Note # 7**

**03/06/2022 02:01 PM**

**ANILKUMAR K**
**JS LR(J) CLR**



File No. LR/5771/2022-LR(J) (Computer No. 6645085893)

Generated from eOffice by SARANYA LR(J) CLR, LAND REVENUE COMMISSIONERATE on 17/03/2025 02:23 AM

## List of Correspondences

| Receipt No. / Issue No. | Subject | Type | Marked As | Attached On | Issued On | Pages | Remarks |
|---|---|---|---|---|---|---|---|
| 269018/2022/Tapal CLR | MPM - LAND ALLOTMENT TO KONDOTTI BLOCK PANCHAYATH REG. | Receipt | | 26/05/2022 11:39 AM | | 1-3 | ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതി- കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് ഭൂമി നൽകൽ |

കേരള സർക്കാർ

17 MAY 2022

നം.യു3/83/2022/റവന്യൂ

റവന്യൂ (യു) വകുപ്പ്
തിരുവനന്തപുരം
തീയതി: 12/05/2022.

അഡീഷണൽ ചീഫ് സെക്രട്ടറി

J5

ശ്രീ. അബ്ദുൾ ഹമീദ്. പി
എം.എൽ.എ (വള്ളിക്കുന്ന്)
പുളിയക്കുത്ത് ഹൗസ് പി.ഒ,
പട്ടിക്കാട് - പിൻ - 679 325.

സർ,

വിഷയം: റവന്യൂ വകുപ്പ് -മലപ്പുറം ജില്ല – കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിനു ഭൂമി നൽകുന്നതു - സംബന്ധിച്ച്-

സൂചന: താങ്കൾ ബഹു. റവന്യൂ വകുപ്പ് മന്ത്രിക്ക് 16.03.2022 ൽ നൽകിയ 38/Vallikkunnu/2022 നം. കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഏഴോളം ഗ്രാമ പഞ്ചായത്തുകൾക്ക് പ്രയോജനകരമാകുന്ന രീതിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിയ്ക്കായി പുളിക്കൽ വില്ലേജിലെ മിച്ചഭൂമിയിൽ നിന്നും 5 ഏക്കർ സ്ഥലം വിട്ടു നൽകുന്ന വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കമ്മീഷണർ, ലാൻഡ് റവന്യൂവിന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,

ഗോപകുമാർ.ആർ.എൽ
അഡീഷണൽ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

പകർപ്പ്: കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം. (സൂചനയോടൊപ്പം ലഭിച്ച അപേക്ഷയും അനുബന്ധ രേഖകളും ക്ലിപ്തമായ റിപ്പോർട്ടിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.)

6028405/2022/MIN (REV)

806 REV-U3/83/2022-REV
................/VIP/M/(Rev)/2022

**SHAJINI UNNI. VP**
**PRESIDENT**
Kondotty Block Panchayat
Kondotty. P.O , Malappuram.DT
Ph : 0483 2712084, 8281040208

Kolleripuray House
Siyamkandam
Pulikkal. Po
Malappuram. Dt
Pin. 673637
Ph: 9048584610
E-mail: shejiniunni@gmail.com

Ref Date : 14/03/22

"ആരോഗ്യമുള്ള ജനത രാജ്യത്തിന്റെ സമ്പത്ത്"

*********************************************

അഡീഷണൽ ചീഫ് സെക്രട്ടറി, (റവന്യൂ)
പരിശോധിച്ച് നടപടി സ്വീകരിക്കുക

സ്വീകർത്താവ്

ശ്രീ. കെ. രാജൻ, (ബഹു: റവന്യൂ വകുപ്പ് മന്ത്രി)

കേരളം

30/3/22
കെ. രാജൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

സർ,

വിഷയം: കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിക്കായി ഭൂമി കൈമാറി കിട്ടുന്നതിനുള്ള അപേക്ഷ സംബന്ധിച്ച്.

സൂചന: 1) 10.11.2021 തീയ്യതിയിലെ ബഹു: എം.എൽ.എ (വള്ളിക്കുന്ന്) ശ്രീ. പി ഹമീദ് അവർകളുടെ നിയമസഭാ നക്ഷത്ര ചിഹ്നമില്ലാത്ത 6480 നമ്പർ ചോദ്യത്തിനുള്ള അങ്ങയുടെ ഉത്തരം.

2) 18.02.22 തീയ്യതിയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം

കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ചേലേമ്പ്ര, പള്ളിക്കൽ, പുളിക്കൽ, ചെറുകാവ്, വാഴക്കാട് വാഴയൂർ, മുതുവല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് പ്രയോജനകരമാകുന്ന രീതിയിൽ സമ്പൂർണ്ണ ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിന് സൂചന (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി അഞ്ചേക്കറോളം ഭൂമി ആവശ്യമുണ്ട്. സൂചന (1) പ്രകാരം കൊണ്ടോട്ടി താലൂക്കിലെ പുളിക്കൽ വില്ലേജിൽ ബ്ലോക്ക് 7, 8 ൽ റീ.സ 94/2A 1 pt, 74/1A, 158/2, 92/1, 446/1, 185/3 എന്നീ നമ്പറുകളിലുള്ള പതിച്ചു നൽകാൻ പറ്റാത്ത രീതിയിലുള്ള മിച്ചഭൂമി 24.5 ഏക്കർ കൊണ്ടോട്ടി താലൂക്ക് ലാൻഡ് ബോർഡ് അധീനതയിലുണ്ട്. പ്രസ്തുത ഭൂമിയിൽ നിന്ന് സൂചന (2) പ്രകാരമുള്ള പദ്ധതിക്കായി അഞ്ച് ഏക്കർ സ്ഥലം കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് കൈമാറി കിട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

KONDOTTY BLOCK PANCHAYAT OFFICE ✱ KONDOTTY ✱

PRESIDENT
BLOCK PANCHAYAT
KONDOTTY

# കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്

20.01.2022 തിയ്യതി നടന്ന സാധാരണ യോഗത്തിലെ

1/2 നമ്പർ തീരുമാനം

**അജണ്ട :**

1: CFC Fund ഉപയോഗിച്ച് 2022-23 വർഷത്തേക്കുള്ള പദ്ധതികൾ ചർച്ച ചെയ്തു അംഗീകാരം നൽകി അന്തിമ മാക്കൽ

ഫയൽ നമ്പർ പി: 115/2021

തീരുമാന നമ്പർ . 1/2 തിയ്യതി 20.01.2022

**തീരുമാനം:**

കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൻറെ നേതൃത്വത്തിൽ അടുത്ത വർഷം (2022-23) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ആരോഗ്യ ശുചിത്വ പരിരക്ഷ പദ്ധതി സംബന്ധിച്ച് ഭരണസമിതി വിശദമായി ചർച്ച ചെയ്യുകയും ഈ ആവശ്യത്തിനായി 5 ഏക്കറിലധികം ഭൂമി ആവശ്യമാണെന്ന് വിലയിരുത്തുകയും ചെയ്തു. CFC Fund ഉപയോഗിച്ച് 2022-23 വർഷം ആരോഗ്യ ശുചിത്വ പരിരക്ഷ പദ്ധതി നടപ്പാക്കുന്നതിനായി കൊണ്ടോട്ടി താലൂക്കിൽ പുളിക്കൽ വില്ലേജിൽ പതിച്ചു നൽകാൻ പറ്റാത്ത കരിങ്കൽ ഇനത്തിൽ സംരക്ഷിത മിച്ചഭൂമിയായി കൊണ്ടോട്ടി താലൂക് ലാൻഡ് ബോർഡിൻറെ അധീനതയിൽ 24.5 (ഇരുപത്തി നാലര) ഏക്കർ ഭൂമി ഉള്ളതായി 15○○○○ നിയമ സഭയുടെ 3○○○○ സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമില്ലാത്ത ചോദ്യം നം. 6480 ന് ബഹു. ശ്രീ. അബ്ദുൽഹമീദ് MLA അവർകൾക്ക് നൽകിയ മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. ഈ ഭൂമിയിൽ നിന്നും 5 (അഞ്ച്) ഏക്കർ ഭൂമി കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് ആരോഗ്യ ശുചിത്വ പരിരക്ഷ പദ്ധതി നടപ്പാക്കുന്നതിനായി കൈമാറിക്കിട്ടുന്നതിന് സർക്കാരിനോട് അപേക്ഷിക്കാനും, കൊണ്ടോട്ടി താലൂക് ലാൻഡ് ബോർഡിൽ നിന്നും നിരാക്ഷേപ പത്രത്തിന് വേണ്ടി അപേക്ഷ നൽകാനും ഭരണ സമിതി തീരുമാനിച്ചു.

(ഒപ്പ്)

പ്രസിഡൻറ്

//

ശരിപ്പകർപ്പ്.

//

സെക്രട്ടറി

SECRETARY
BLOCK PANCHAYAT
KONDOTTY

BLOCK PANCHAYAT OFFICE
KONDOTTY



File No. LR/5776/2022-2025 R (Computer No: 6645 3085893)

Generated from eOffice by SABNA SIVAN (5) CLERK, LR(U3), LAND REVENUE COMMISSIONERATE on 17/03/2023 02:25 PM

## Draft List

| Draft No. | Subject | Status | Approved By | Last Updated On |
|---|---|---|---|---|
| DFA/89517 | ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതി-കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് ഭൂമി നൽകൽ | APPROVED | ANU.S.NAIR, Land Assignment CLR | 02/06/2022 03:18 PM |

I/81554/2022

**ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം**
**റവന്യൂ കോംപ്ലക്സ് ,പബ്ലിക് ഓഫീസ് ബിൽഡിംഗ്**
**മ്യൂസിയം ജംഗ്ഷൻ ,തിരുവനന്തപുരം**
**മെയിൽ:** lrcommissioner@gmail.com
**ഫോൺ :0471-2322885**

LR/5776/2022-LR(J5) തീയതി:02-06-2022

കമ്മീഷണർ

ജില്ലാകളക്ടർ
മലപ്പുറം

സർ,

വിഷയം:- മലപ്പുറം ജില്ല - കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിനു ഭൂമി അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന:- 12.05.2022 -ലെ യു3/83/2022/റവന്യൂ നമ്പർ സർക്കാർ കത്ത്.

കൊണ്ടോട്ടി ഗ്രാമ പഞ്ചായത്തിലെ ശുചിത്വ മിഷൻ പദ്ധതിക്കായി ,പുളിക്കൽ വില്ലേജിലെ ബ്ലോക്ക് 7, 8 ൽ റീസർവ്വെ 94/2A 1 pt, 74/1A , 158/2 , 92/1, 446/1 , 185/3 എന്നീ നമ്പരുകളിലുൾപ്പെട്ട 24.5 ഏക്കർ മിച്ചഭൂമിയിൽ നിന്നും അഞ്ച് ഏക്കർ സ്ഥലം കൊണ്ടോട്ടി ഗ്രാമ പഞ്ചായത്തിന് കൈമാറിക്കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ബഹു . റവന്യൂ മന്ത്രിക്ക് സമർപ്പിച്ച അപേക്ഷ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത വിഷയം പരിശോധിച്ച് വിശദമായ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ASSISTANT COMMISSIONER

ഇത് കമ്പ്യൂട്ടർ ജനറേറ്റുചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവിശ്യമില്ല
ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.



File No.LR/5776/2022-LR(J5) (Computer No: 6453085893)
Generated from eOffice by SARIKA S, LR(J5), CLERK, LAND REVENUE COMMISSIONERATE on 17/03/2025 02:11:23 AM

## Note # 1

സമർപ്പണം

സൂചന: ലാന്റ് റവന്യൂ കമ്മിഷണറുടെ 02/06/2022ലെ LR/5776/2022-LR(J5) നമ്പർ കത്ത്

സൂചന കണ്ടാലും. കൊണ്ടോട്ടി താലൂക്ക് പുളിക്കൽ വില്ലേജിൽ ബ്ലോക്ക്, 8 ൽ റീസർവ്വേ 94/2A 1 pt, 74/1A,158/2, 92/1, 446/1, 185/3എന്നീ സർവ്വേ നമ്പറുകളിൽ ഉൾ പ്പെട്ട 24.5 ഏക്കർ മിച്ചഭൂമിയുണ്ടെന്നും ആയതിൽ നിന്നും അഞ്ച് ഏക്കർ സ്ഥലം ആരോഗ്യശുചിത്വ പദ്ധതിക്കായി കൊണ്ടോട്ടി ഗ്രാമ പഞ്ചായത്തിന് കൈമാറണമെന്നും ആവശ്യപ്പെട്ട് കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബഹു. റവന്യൂ മന്ത്രിക്ക് സമർപ്പിച്ച അപേക്ഷ സൂചന പ്രകാരം അടിയന്തിര റിപ്പോർട്ട് സമർപ്പിക്കുന്നതിനായി അയച്ചു തന്നിട്ടുണ്ട്.

ടി ഭൂമി മിച്ചഭൂമിയാണോ, ആണെങ്കിൽ ടി ഭൂമിയുടെ നിലവിലെ സ്ഥിതി എന്താണ് എന്നിവ സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കൊണ്ടോട്ടി ഭൂരേഖ തഹസിൽദാർക്ക് കത്ത് നല്ലാവുന്നതാണ്. റിപ്പോർട്ട് കിട്ടിയതിനുശേഷം മിച്ചഭൂമി ആണെങ്കിൽ അപേക്ഷ ലഭിക്കുന്ന മുറക്ക് പൊതു ആവശ്യത്തിന് നീക്കിവെക്കുന്നതിനും ഭൂമി അനുവദിക്കുന്നതിനും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

കൊണ്ടോട്ടി ഭൂരേഖ തഹസിൽദാർക്കുള്ള കത്ത് കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**24/06/2022 12:59 PM** — **RAJU P, C5 DCMPM**

---

## Note # 2

അംഗീകരിച്ചു

**24/06/2022 01:03 PM** — **SOBHA SA, JS(C) DCMPM**

---

## Note # 3

സമർപ്പണം

സൂചന: (1) അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 23/06/2022ലെ N1/147/2022/RD നമ്പർ കത്ത്

(2) ലാന്റ് റവന്യൂ കമ്മിഷണറുടെ 02/06/2022ലെ LR/5776/2022-LR(J5) നമ്പർ കത്ത്

സൂചനകൾ കണ്ടാലും. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിക്ക് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നിയമസഭാ ചോദ്യത്തിന് മറുപടി നല്കുന്നതിന് സൂചന (1) പ്രകാരം വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ടി

വിഷയത്തിൽ ലാന്റ് റവന്യൂ കമ്മീഷണറിൽ നിന്നും 15/06/2022ന് സൂചന (2) പ്രകാരം കത്ത് ലഭിച്ചിരുന്നു.

സൂചന (2) പരിശോധിച്ചതിൽ ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ടി അപേക്ഷ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബഹു. റവന്യൂ മന്ത്രിക്ക് സമർപ്പിച്ചിട്ടുള്ളതാണ്.
2. കൊണ്ടോട്ടി താലൂക്ക് പുളിക്കൽ വില്ലേജിൽ ബ്ലോക്ക് 7, 8 ൽ റീസർവ്വേ 94/2A 1 pt, 74/1A,158/2, 92/1, 446/1, 185/3 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 24.5 ഏക്കർ മിച്ചഭൂമിയുണ്ടെന്നു കണ്ടതിൽ അഞ്ച് ഏക്കർ സ്ഥലം ആരോഗ്യശുചിത്വ പദ്ധതിക്കായി കൊണ്ടോട്ടി ഗ്രാമ പഞ്ചായത്തിന് കൈമാറണമെന്ന് ആണ് ആവശ്യം.
3. ടി ഭൂമി മിച്ചഭൂമിയാണോ, ആണെങ്കിൽ ടി ഭൂമിയുടെ നിലവിലെ സ്ഥിതി എന്താണ് എന്നീ വിവരങ്ങൾ അറിഞ്ഞതിനു ശേഷമേ ഭൂമി നല്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കാനാവൂ. ആയത് ലഭ്യമാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൊണ്ടോട്ടി ഭൂരേഖ തഹസിൽദാർക്ക് കത്ത് നല്കിയിട്ടുണ്ട്.
4. മിച്ചഭൂമിയാണെങ്കിൽ അപേക്ഷ ലഭിക്കുന്ന മുറക്ക് ടി ഭൂമി പൊതു ആവശ്യത്തിന് നീക്കി വെച്ച് ലാന്റ് ബോർഡിൽനിന്നും ഉത്തരവാക്കിയതിനുശേഷം അനുവദിക്കുന്നതിനുള്ള ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

മേൽവിവരങ്ങൾ കാണിച്ച് എ ബി സി ചോദ്യങ്ങൾക്ക് താഴെ പറയും പ്രകാരം മറുപടി നല്കാവുന്നതാണ്.

എ. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിക്ക് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 15/06/2022ന് ലഭ്യമായ അപേക്ഷ പരിശോധിച്ച് പരാമർശിക്കുന്ന ഭൂമി മിച്ചഭൂമിയാണോ, ആണെങ്കിൽ ടി ഭൂമിയുടെ നിലവിലെ സ്ഥിതി എന്താണ് എന്നീ വിവരങ്ങൾ അന്വേഷിച്ച് വിശദമായ റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കാൻ കൊണ്ടോട്ടി ഭൂരേഖ തഹസിൽദാർക്ക് കത്ത് നല്കിയിട്ടുണ്ട്.

ബി. കൊണ്ടോട്ടി ഭൂരേഖ തഹസിൽദാറിൽനിന്നും റിപ്പോർട്ട് ലഭ്യമായതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സി. ഭൂമി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ കൊണ്ടോട്ടി ഭൂരേഖ തഹസിൽദാർക്ക് കത്ത് നല്കിയിട്ടുണ്ട്.

അംഗീകരിക്കാവുന്നതാണെങ്കിൽ ടി വിവരങ്ങൾ വെച്ച് കത്ത് തയ്യാറാക്കാവുന്നതാണ്. അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**24/06/2022 01:49 PM**

**RAJU P**
**C5 DCMPM**

---

## Note # 4

കൊണ്ടോട്ടി താലൂക്ക് പുളിക്കൽ വില്ലേജ് ബ്ലോക്ക് നമ്പർ 7 ,8 ലെ റീസർവ്വേ നമ്പർ 94 / 2 A ,1 pt ,74 / 1 A ,158 / 2 ,92 / 1 ,446 / 1 ,185 / 3 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട മിച്ചഭൂമിയുടെ തൽസ്ഥിതി വിവരം കൊണ്ടോട്ടി താലൂക്കിൽനിന്നും ലഭിച്ചശേഷം നിയമസഭചോദ്യത്തിനു മറുപടി തയ്യാറാക്കി സമർപ്പിക്കാവുന്നതാണ് ,തഹസിൽദാർക്ക് വീണ്ടും ഫോൺസന്ദേശം നൽകേണ്ടതാണ് ,



File No.DCMPM/17266/2025-C5 (Computer No. 12303085893)

Generated from eOffice by RAJU P, C5 DCMPM, ASO (C5), REV, Malappuram Department on 06/03/2025 11:23 AM

**24/06/2022 02:19 PM** | **SOBHA SA**
**JS(C) DCMPM**

---

**Note # 5**

സമർപ്പണം

സൂചന: (1) അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 23/06/2022ലെ N1/147/2022/RD നമ്പർ കത്ത്

സൂചന കണ്ടാലും. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിക്ക് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നിയമസഭാ ചോദ്യത്തിന് മറുപടി നല്കുന്നതിന് സൂചന (1) പ്രകാരം വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ടി വിഷയത്തിൽ മറുപടി നല്കുന്നതിനായി അപേക്ഷയിൽ പരാമർശിക്കുന്ന കൊണ്ടോട്ടി താലൂക്ക് പുളിക്കൽ വില്ലേജിൽ ബ്ലോക്ക് 7, 8 ൽ റീസർവ്വേ 94/2A 1 pt, 74/1A,158/2, 92/1, 446/1, 185/3 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 24.5 ഏക്കർ ഭൂമിയുടെ തൽസ്ഥിതി വിവരം അടിയന്തിരമായി റിപ്പോർട്ട് ചെയ്യുന്നതിന് കൊണ്ടോട്ടി ഭൂരേഖ തഹസിൽദാർക്ക് കത്ത് നല്കാവുന്നതാണ്.

കത്ത് കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**24/06/2022 03:02 PM** | **RAJU P**
**C5 DCMPM**

---

**Note # 6**

അംഗീകരിച്ചു

**24/06/2022 03:08 PM** | **SOBHA SA**
**JS(C) DCMPM**

---

**Note # 7**

സമർപ്പണം

സൂചന: കൊണ്ടോട്ടി ഭൂരേഖാ തഹസിൽദാരുടെ 27/06/2022ലെ എൽ4-4947/22 നമ്പർ കത്ത്

സൂചന കണ്ടാലും. സൂചന പ്രകാരം കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിക്ക് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷയിൽ പരാമർശിക്കുന്ന കൊണ്ടോട്ടി താലൂക്ക് പുളിക്കൽ വില്ലേജിൽ വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ടുകൊണ്ട്

1. 24.86 ഏക്കർ പാറ ഫോറം 15ൽ പതിച്ചുകൊടുക്കാൻ പറ്റാത്ത പാറ, കൽക്കുഴി എന്നിങ്ങനെ നിലവിലെ സ്ഥിതി രേഖപ്പെടുത്തിക്കൊണ്ട് ലഭ്യമായിട്ടുണ്ട് എന്നും
2. റീ സർവ്വേ നം. 139/8ൽ 5040 ഏക്കർ, 94/1ൽ 5.00 ഏക്കർ, 94/8ൽ 5.00 ഏക്കർ എന്നവിധത്തിൽ ഭൂമി നിലവിലുണ്ട് എന്നും ആയത് ആവശ്യമെങ്കിൽ

പരിഗണിക്കാവുന്നതാണ് എന്നും കൊണ്ടോട്ടി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽവിവരം ഉൾപ്പെടുത്തി നിയമസഭാ ചോദ്യത്തിന് മറുപടി നല്കാവുന്നതാണ്.

കത്ത് കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**27/06/2022 11:45 AM** **RAJU P**
**C5 DCMPM**

---

**Note # 8**

approved

**27/06/2022 12:04 PM** **ANVER SADATH P**
**DYC(LR) DCMPM**

---

**Note # 9**

സമർപ്പണം

സൂചന: റവന്യൂ എൽ വകുപ്പിൽനിന്നുള്ള 27/06/2022തീയ്യതിയിലെ ഫോൺ സന്ദേശം.

സൂചന കണ്ടാലും. സൂചന പ്രകാരം കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിക്ക് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നിയമസഭാ ചോദ്യത്തിന് മറുപടി നല്കിയിരുന്നു. ആയതിൽ അപേക്ഷകന്റെ വിവരങ്ങൾ ഉൾപ്പെടുത്തണമെന്നും പതിച്ചുകൊടുക്കാൻ പറ്റാത്ത പാറ, കൽക്കുഴി തുടങ്ങിയ ഭൂമിയുടെ വിവരങ്ങൾ ഒഴിവാക്കി ലഭ്യമാക്കാവുന്ന ഭൂമി സംബന്ധിച്ച വിവരങ്ങൾ മാത്രം ഉൾപ്പെടുത്തിയാൽ മതിയെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി വിവരങ്ങൾ സംബന്ധിച്ച് താലൂക്കിൽ ഫോൺ വഴി ബന്ധപ്പെട്ടതിൽ ടി ഭൂമി മുഴുവനായും പാറ, കൽക്കുഴി എന്നിങ്ങനെ കിടക്കുന്നതാണെന്നും മിച്ചഭൂമിയാണെന്നും ആവശ്യമെങ്കിൽ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിക്ക് പരിഗണിക്കാവുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്.

ആയതു പ്രകാരം മറുപടി തയ്യാറാക്കി നല്കാവുന്നതാണ്.

കത്ത് കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**27/06/2022 03:18 PM** **RAJU P**
**C5 DCMPM**

---

**Note # 10**

approved

**27/06/2022 03:50 PM** **ANVER SADATH P**
**DYC(LR) DCMPM**

---

**Note # 11**

സമർപ്പണം

സൂചന: (1)ലാന്റ് റവന്യൂ കമ്മീഷണറുടെ 02/06/2022ലെ LR/5776/2022-LR(J5)

നമ്പർ കത്ത്

(2) കൊണ്ടോട്ടി ഭൂരേഖാ തഹസിൽദാരുടെ 27/06/2022ലെ എൽ4-4947/22 നമ്പർ കത്ത്

സൂചന (1) കണ്ടാലും. കൊണ്ടോട്ടി താലൂക്ക് പുളിക്കൽ വില്ലേജിൽ ബ്ലോക്ക്, 8 ൽ റീസർവ്വേ 94/2A 1 pt, 74/1A,158/2, 92/1, 446/1, 185/3എന്നീ സർവ്വേ നമ്പറുകളിൽ ഉൾ പ്പെട്ട 24.5 ഏക്കർ മിച്ചഭൂമിയുണ്ടെന്നും ആയതിൽ നിന്നും അഞ്ച് ഏക്കർ സ്ഥലം ആരോഗ്യശുചിത്വ പദ്ധതിക്കായി കൊണ്ടോട്ടി ഗ്രാമ പഞ്ചായത്തിന് കൈമാറണമെന്നും ആവശ്യപ്പെട്ട് കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബഹു. റവന്യൂ മന്ത്രിക്ക് സമർപ്പിച്ച അപേക്ഷ സൂചന പ്രകാരം അടിയന്തിര റിപ്പോർട്ട് സമർപ്പിക്കുന്നതിനായി അയച്ചു തന്നിട്ടുണ്ട്.

ടി ഭൂമി സംബന്ധിച്ച നിലവിലെ സ്ഥിതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കൊണ്ടോട്ടി ഭൂരേഖ തഹസിൽദാർക്ക് കത്ത് നല്കിയിരുന്നതാണ്. എന്നാൽ സൂചന (2) പ്രകാരം ലഭിച്ച റിപ്പോർട്ടിൽ ടി ഭൂമി മിച്ച ഭൂമിയാണോ എന്ന് വിവരം സൂചിപ്പിച്ചിട്ടില്ല. ആയതിനാൽ അപേക്ഷയിൽ പറയുന്ന സർവ്വേ നമ്പറുകളിൽ പെട്ട ഭൂമി മിച്ച ഭൂമിയാണോ എന്നും ആണെങ്കിൽ ഭൂമി ഏറ്റെടുത്ത പ്രഖ്യാതാവിന്റെ വിവരങ്ങൾ, ടി ഭൂമിയുടെ തൽസ്ഥിതി, ടി ഭൂമി പ്രസ്തുത പദ്ധതിക്ക് യോജിക്കുന്നതാണോ, അപേക്ഷയിൽ ആവശ്യപ്പെട്ട അഞ്ച് ഏക്കർ സ്ഥലം അനുവദിക്കാവുന്ന ഭൂമിയുടെ സർവ്വേ നമ്പറുൾപ്പെട്ട വിവരങ്ങൾ എന്നിവ കൂടി ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻകൊണ്ടോട്ടി ഭൂരേഖ തഹസിൽദാരോട് ആവശ്യപ്പെടാവുന്നതാണ്.

കൊണ്ടോട്ടി ഭൂരേഖ തഹസിൽദാർക്കുള്ള കത്ത് കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**30/06/2022 02:53 PM** **RAJU P**
**C5 DCMPM**

---

## Note # 12

അംഗീകരിച്ചു

**01/07/2022 11:01 AM** **SOBHA SA**
**JS(C) DCMPM**

---

## Note # 13

സമർപ്പണം

സൂചന: ലാന്റ് ബോർഡ് സെക്രട്ടറിയുടെ 30/07/2022ലെ LBE1-1719/2022 നമ്പർ കത്ത്

സൂചന കണ്ടാലും. സൂചന പ്രകാരംകൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യശുചിത്വ പദ്ധതിക്കായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ടി വിഷയത്തിൽ പരിശോധന നടത്തി

റിപ്പോർട്ട് മടക്കത്തപാലിൽ സമർപ്പിക്കാൻ സൂചന കത്ത് കൊണ്ടോട്ടി ഭൂരേഖാ തഹസിൽദാർക്ക് അയച്ചുകൊടുക്കാവുന്നതാണ്.

കരട് കത്ത് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**08/08/2022 02:23 PM** **RAJU P**
**C5 DCMPM**

---

**Note # 14**

aproved

**08/08/2022 03:15 PM** **ANVER SADATH P**
**DYC(LR) DCMPM**

---

**Note # 15**

സമർപ്പണം

സൂചന: (1)റെവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 19/08/2022ലെ

എൻ3-106/2022 ആർ ഡി നമ്പർ കത്ത്

(2) നിയമസഭാ ചോദ്യം നമ്പർ 1488

സൂചന കണ്ടാലും. സൂചന പ്രകാരംകൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യശുചിത്വ പദ്ധതിക്കായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് നിയമസഭാ ചോദ്യം നമ്പർ 1488ന് മറുപടി നല്കുന്നതിന് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കൊണ്ടോട്ടി തഹസിൽദാർക്ക് സൂചന കത്ത് അയച്ചുകൊടുക്കാവുന്നതാണ്.

ആമുഖക്കത്ത് കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**20/08/2022 11:22 AM** **RAJU P**
**C5 DCMPM**

---

**Note # 16**

കരട് അംഗീകരിച്ചു

**20/08/2022 11:45 AM** **SOBHA SA**
**JS(C) DCMPM**

---

**Note # 17**

സമർപ്പണം

സൂചന: കൊണ്ടോട്ടി ഭൂരേഖാ തഹസിൽദാരുടെ 22/08/2022ലെ എൽ4-4947/22 നമ്പർ കത്ത്

സൂചന കണ്ടാലും. സൂചന പ്രകാരം കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിക്ക് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷയിൽ

1. ലഭ്യമായ ഭൂമി കൊണ്ടോട്ടി താലൂക്ക് പുളിക്കൽ വില്ലേജിൽ 139/8ൽ ഉൾപ്പെട്ട ഭൂമി

അല്ലെന്നും

2. 94/2A1pt, 74/1A, 158/2, 446/1, 185/3 സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ടുകൊണ്ട്ഭൂമി ലഭ്യമാണന്നും

3. ടി ഭൂമി പദ്ധതിക്ക് അനുയോജ്യമാണോ എന്ന് പരിശോധിക്കുന്നതിന് താലൂക്ക് സർവ്വേയർ, പുളിക്കൽ വില്ലേജ് ഓഫീസർ, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ 23/08/2022ന് സംയുക്ത പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ട് എന്നും

4. ടി ഭൂമി കെ സി കുഞ്ഞിരായിൻ ആന്തിയൂർക്കുന്ന്, ശ്രീ കുടുക്കിൽ ചെമ്പാട്ട് മുഹമ്മദ്, ശ്രീ കുടുക്കിൽ ചെമ്പാട്ട് യൂസുഫ്, ശ്രീ കെ പി മൊയ്തീൻകുട്ടി, ശ്രീ കെ സി മോനുദ്ദീൻ ഹാജി, ശ്രീ കല്ലാകളാട്ടുങ്ങൽ മുഹമ്മദാജി, ശ്രീ തെഞ്ചേര് പാത്തുമ്മക്കുട്ടി എന്നിവരിൽനിന്നും ഏറ്റെടുത്തിട്ടുള്ളതാണ് എന്നും

5. ടി ഭൂമി വില്ലേജ് ഓഫീസറുടെ അധീനതയിലുള്ളതും നിലവിൽ കൈയ്യേറ്റം ഉള്ളതായി അറിയില്ലെന്നും

റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽവിവരം ഉൾപ്പെടുത്തി നിയമസഭാ ചോദ്യത്തിന് മറുപടി നല്കാവുന്നതാണ്.

കത്ത് കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**23/08/2022 10:39 AM** **RAJU P**
**C5 DCMPM**

---

## Note # 18

approved

**23/08/2022 10:46 AM** **ANVER SADATH P**
**DYC(LR) DCMPM**

---

## Note # 19

സമർപ്പണം

സൂചന: (1) റവന്യൂ (എൻ) വ കുപ്പ് അഡീഷണൽ ചീഫ് സെക്രറിയുടെ 15/07/2022ലെ
എൻ1-147/2022/റവന്യൂ നമ്പർ കത്ത്
(2) ലാന്റ് ബോർഡ് സെക്രട്ടറിയുടെ 30/072022ലെ LBE1-1719/2022 നമ്പർ കത്ത്
(3) കൊണ്ടോട്ടി ഭൂരേഖാ തഹസിൽദാരുടെ 22/08/2022ലെ എൽ4-4947/22
നമ്പർ കത്ത്

സൂചന കണ്ടാലും. സൂചന (1), (2) പ്രകാരംകൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യശുചിത്വ പദ്ധതിക്കായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. ടി വിഷയത്തിൽ സൂചന (3) പ്രകാരം കൊണ്ടോട്ടി ഭൂരേഖാ തഹസിൽദാർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.
ടി റിപ്പോർട്ടിലെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ലഭ്യമായ ഭൂമി സൂചന (1) കത്തിൽ പരാമർശിക്കുന്ന പ്രകാരം കൊണ്ടോട്ടി താലൂക്ക് പുളിക്കൽ വില്ലേജിൽ 139/8ൽ ഉൾപ്പെട്ട ഭൂമി അല്ല. എന്നാൽ പുളിക്കൽ വില്ലേജിൽത്തന്നെ 94/2A1pt, 74/1A, 158/2, 446/1, 185/3 സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ടുകൊണ്ട് ഭൂമി ലഭ്യമാണ്.

2. ടി ഭൂമി പദ്ധതിക്ക് അനുയോജ്യമാണോ എന്ന് പരിശോധിക്കുന്നതിന് താലൂക്ക് സർവ്വേയർ, പുളിക്കൽ വില്ലേജ് ഓഫീസർ, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ 23/08/2022ന് സംയുക്ത പരിശോധന നടത്തിയിരുന്നു.എന്നാൽ പരിശോധന പൂർത്തിയായിട്ടില്ലാത്തതാണ്.

3. ടി ഭൂമി കെ സി കുഞ്ഞിരായിൻ ആന്തിയൂർക്കുന്ന്, ശ്രീ കുട്ടക്കിൽ ചെമ്പാട്ട് മുഹമ്മദ്, ശ്രീ കുട്ടക്കിൽ ചെമ്പാട്ട് യൂസുഫ്, ശ്രീ കെ പി മൊയ്തീൻകുട്ടി, ശ്രീ കെ സി മോനുദ്ദീൻ ഹാജി, ശ്രീ കല്ലാകളാട്ടുങ്ങൽ മുഹമ്മദാജി, ശ്രീ തെഞ്ചേര് പാത്തുമ്മക്കുട്ടി എന്നിവരിൽനിന്നും ഏറ്റെടുത്തിട്ടുള്ളതാണ്.

4. ടി ഭൂമി വില്ലേജ് ഓഫീസറുടെ അധീനതയിലുള്ളതും നിലവിൽ കൈയ്യേറ്റം ഉള്ളതായി അറിയില്ല.

മേൽവിവരങ്ങൾ ഉൾപ്പെടുത്തി സൂചന (1),(2) കത്തിന് മറുപടി നല്കാവുന്നതാണ്.കത്ത് കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**03/09/2022 03:28 PM** — **RAJU P**
**C5 DCMPM**

---

## Note # 20

അപേക്ഷക്കാസ്പദമായ ഭൂമിയുടെ സ്വഭാവം, ഭൂമി പദ്ധതിക്ക് അനുയോജ്യമാണോ, പതിവിന് അനുയോജ്യമാണോ എന്നീ കാര്യങ്ങൾ സംബന്ധിച്ച് തഹസിൽദാരിൽ നിന്നും വ്യക്തമായ റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഈ കാര്യങ്ങളിൽ കൂടി വ്യക്തമായ റിപ്പോർ തഹസിൽദാരിൽനിന്നും വാങ്ങിയതിനു ശേഷം ഗവ.ലേക്ക് മറുപടി നൽകുന്നതായിരിക്കും ഉചിതം എന്നു തോന്നുന്നു.

ഉത്തരവിനായി

**05/09/2022 11:17 AM** — **AHAMMED MUSTHAFA KOOTHRADAN**
**JS(C) DCMPM**

---

## Note # 21

ok get detailed report from tahsildar

**05/09/2022 12:49 PM** — **ANVER SADATH P**
**DYC(LR) DCMPM**

---

## Note # 22

സമർപ്പണം

സൂചന: (1)ലാന്റ് ബോർഡ് സെക്രട്ടറിയുടെ 30/07/2022ലെ LBE1-1719/2022 നമ്പർ കത്ത്

(2) കൊണ്ടോട്ടി ഭൂരേഖാ തഹസിൽദാരുടെ 22/08/2022ലെ എൽ4-4947/22 നമ്പർ കത്ത്

സൂചന കണ്ടാലും. Note 21ലെ നിർദ്ദേശപ്രകാരം വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് സൂചന കത്ത് കൊണ്ടോട്ടി താലൂക്ക് തഹസിൽദാർക്ക് അയച്ചുകൊടുക്കാവുന്നതാണ്. ടി സ്ഥലം സംയുക്ത പരിശോധന നടത്തിയതായി പ്രകാരം അറിയിച്ചിരുന്നു. ടി പരിശോധന റിപ്പോർട്ടുകൂടി ഉൾപ്പെടുത്തി മറുപടി നല്കാൻ ആവശ്യപ്പെടാവുന്നതാണ്. കത്ത് കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**06/09/2022 03:22 PM** **RAJU P**
**C5 DCMPM**

---

**<u>Note # 23</u>**

**06/09/2022 03:43 PM** **AHAMMED MUSTHAFA KOOTHRADAN**
**JS(C) DCMPM**

---

**<u>Note # 24</u>**
<u>സമർപ്പണം</u>

സൂചന: (1)ലാന്റ് ബോർഡ് സെക്രട്ടറിയുടെ 03/11/2022ലെ LBE1-1719/2022 നമ്പർ കത്ത്

സൂചന കണ്ടാലും. സൂചന (1) പ്രകാരം കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യശുചിത്വ പദ്ധതിക്കായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. രുന്നു. ടി വിഷയത്തിൽ സൂചന (2) പ്രകാരം കൊണ്ടോട്ടി ഭൂരേഖാ തഹസിൽദാർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് Note # 20ലെ നിർദ്ദേശപ്രകാരം ടി സ്ഥലം പരിശോധിച്ചതിന്റെ റിപ്പോർട്ടുകൂടി ഉൾപ്പെടുത്തി മറുപടി നല്കാൻ കൊണ്ടോട്ടി ഭൂരേഖ തഹസിൽദാർക്ക് 06/09/2022ന് കത്ത് നല്കിയിരുന്നു. എന്നാൽ ആയതിന് ഇതുവരെ മറുപടി ലഭ്യമായിട്ടില്ല. റിപ്പോർട്ട് 14/12/2022നു മുമ്പായി നല്കാൻ നിർദ്ദേശിച്ച് ഓർമ്മക്കുറിപ്പ് നല്കാവുന്നതാണ്. കത്ത് കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**09/12/2022 12:05 PM** **RAJU P**
**C5 DCMPM**

---

**<u>Note # 25</u>**

**13/12/2022 12:31 PM** **AHAMMED MUSTHAFA KOOTHRADAN**
**JS(C) DCMPM**

---



File No.DCMPM/17283/2025-C5 (Computer No. 12303...) / File No. REV-I/16/2025-REV (Computer No. 3085893)
Generated from eOffice by RAJU P, C5 DCMPM, DCMPM, District Collectorate, Malappuram on 17/03/2025 11:06 AM / Generated from eOffice by SAJAD AS, ASO (U3), REV, Revenue Department on 19/03/2025 11:23 AM

## Note # 26
സമർപ്പണം

സൂചന: (1) റവന്യൂ (എൻ) വ കുപ്പ് അഡീഷണൽ ചീഫ് സെക്രറിയുടെ 15/07/2022 ലെ
എൻ1-147/2022/റവന്യൂ നമ്പർ കത്ത്
(2) ലാന്റ് ബോർഡ് സെക്രട്ടറിയുടെ 30/07/2022 , 03/11/2022
തീയ്യതികളിലെ LBE1-1719/2022 നമ്പർ കത്തുകൾ
(3)കൊണ്ടോട്ടി ഭൂരേഖാ തഹസിൽദാരുടെ 22/08/2022 , 17/12/2022
തീയ്യതികളിലെ എൽ4-4947/22 നമ്പർ കത്ത്

സൂചനകൾ കണ്ടാലും. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യശുചിത്വ പദ്ധതിക്കായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് Note # 24 പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. 23/08/2022ന് സംയുക്ത പരിശോധന നടത്തിയതിൽ ഒരേക്കർ, അഞ്ചേക്കർ എന്നിങ്ങനെ പദ്ധതിക്കുതകുന്ന ഭൂമികൾ കണ്ടെത്തിയെങ്കിലും വിദഗ്ധരുമായി ചർച്ച ചെയ്യതിനുശേഷം തീരുമാനിക്കാം എന്ന് കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി വിവരങ്ങൾ ഉൾപ്പെടുത്തി റവന്യൂ (എൻ) വ കുപ്പ് അഡീഷണൽ ചീഫ് സെക്രറിക്കും ലാന്റ് ബോർഡ് സെക്രട്ടറിക്കും മറുപടി നല്ലാവുന്നതാണ്. കത്ത് കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**19/12/2022 11:38 AM** — **RAJU P**, **C5 DCMPM**

---

## Note # 27
അംഗീകരിക്കാവുന്നതാണ്

**19/12/2022 01:06 PM** — **AHAMMED MUSTHAFA KOOTHRADAN**, **JS(C) DCMPM**

---

## Note # 28
അംഗീകരിച്ചു

**20/12/2022 08:12 PM** — **For ANVER SADATH P**, **DYC(LR) DCMPM**, **DR.MC REJIL**, **DYC(RR) DCMPM**

---

## Note # 29
സമർപ്പണം

സൂചന: ലാന്റ് ബോർഡ് സെക്രട്ടറിയുടെ 16/02/2023ലെ LBE1-1719/2022
നമ്പർ കത്ത്

സൂചന കണ്ടാലും. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യശുചിത്വ പദ്ധതിക്കായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് Note # 28ലെ ഉത്തരവ് പ്രകാരം ലാന്റ് ബോർഡ്

സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ ആയതിൽ ലഭ്യമായ ഭൂമി ഏത് സർവ്വേ നമ്പറിലാണ് ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കിയിട്ടില്ലെന്നും പദ്ധതിക്കുതകുന്ന ഭൂമി സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിൽനിന്നും സ്ഥിരീകരണം ലഭ്യമാക്കി പ്രപ്പോസൽ സമർപ്പിക്കണമെന്നും സൂചന പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ വിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ച് കൊണ്ടോട്ടി ഭൂരേഖാ തഹസിൽദാർക്ക് കത്ത് നല്കാവുന്നതാണ്. കത്ത് കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**17/03/2023 02:45 PM** **RAJU P**
**C5 DCMPM**

---

## Note # 30

അംഗീകരിക്കാവുന്നതാണ്

**17/03/2023 02:50 PM** **AHAMMED MUSTHAFA KOOTHRADAN**
**JS(C) DCMPM**

---

## Note # 31

approved

**17/03/2023 03:16 PM** **ANVER SADATH P**
**DYC(LR) DCMPM**

---

## Note # 32

**17/03/2023 03:20 PM** **RANJITH P**
**B5 DCMPM**

---

## Note # 33

സൂചന: ലാന്റ് ബോർഡ് സെക്രട്ടറിയുടെ 04/07/2023ലെ LBE1-1719/2022
നമ്പർ കത്ത്

സൂചന കണ്ടാലും. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യശുചിത്വ പദ്ധതിക്കായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് പദ്ധതിക്കുതകുന്ന ഭൂമി സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിൽനിന്നും സ്ഥിരീകരണം ലഭ്യമാക്കി പ്രപ്പോസൽ സമർപ്പിക്കുന്നതിന് വിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ച് കൊണ്ടോട്ടി ഭൂരേഖാ തഹസിൽദാർക്ക് കത്ത് നല്കിയിരുന്നു. എന്നാൽ നാളിതുവരെ റിപ്പോർട്ട് ലഭ്യമായിട്ടില്ലാത്തതാണ്. പ്രപ്പോസൽ ഒരാഴ്ചക്കകം നല്കണമെന്ന് ലാന്റ് ബോർഡിൽനിന്നും സൂചന പ്രകാരം വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്.
മേൽ സാഹചര്യത്തിൽ അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കാൻ കൊണ്ടോട്ടി ഭൂരേഖാ തഹസിൽദാർക്ക് ഓർമ്മക്കുറിപ്പ് നല്കാവുന്നതാണ്.
കത്ത് കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**07/07/2023 03:11 PM** **RAJU P**

**C5 DCMPM**

**Note # 34**

അംഗീകരിക്കാവുന്നതാണ്

**07/07/2023 03:30 PM** **AHAMMED MUSTHAFA KOOTHRADAN**
**JS(C) DCMPM**

**Note # 35**

അംഗീകരിച്ചു

**07/07/2023 03:37 PM** **ANVER SADATH P**
**DYC(LR) DCMPM**

**Note # 36**

സൂചന: തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 27/10/2024ലെLSGD/JD /MPM/7262/2024-ബി3 നമ്പർ കത്ത്

സൂചന കണ്ടാലും. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യശുചിത്വ പദ്ധതിക്കായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച അപേക്ഷ സൂചന പ്രകാരം അയച്ചു തന്നിട്ടുണ്ട്. കൊണ്ടോട്ടി താലൂക്ക് പുളിക്കൽ വില്ലേജിലെ ബ്ലോക്ക് നം 8ൽ 175/3, 176/1-2 എന്നീ സർവ്വേ നമ്പറിൽ പെട്ട 5 ഏക്കർ ഭൂമിയാണ് പദ്ധതിക്ക് അനുയോജ്യമായി കണ്ടെത്തിയതെന്ന് സൂചന കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ പദ്ധതിക്കതകുന്ന ഭൂമി സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിൽനിന്നും സ്ഥിരീകരണം ലഭ്യമാക്കി പ്രപ്പോസൽ സമർപ്പിക്കുന്നതിന് വിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ച് കൊണ്ടോട്ടി ഭൂരേഖാ തഹസിൽദാർക്ക് ഈ കാര്യാലയത്തിൽനിന്നും കത്തും ഓർമ്മക്കുറിപ്പും നല്കിയിരുന്നെങ്കിലും നാളിതുവരെ റിപ്പോർട്ട് ലഭ്യമായിട്ടില്ലാത്തതാണ്. നിലവിൽ ബ്ലോക്ക് പഞ്ചായത്ത് കണ്ടെത്തിയതായി പറയുന്ന ഭൂമി സംബന്ധിച്ച റിപ്പോർട്ടുകളൊന്നും കൊണ്ടോട്ടി തഹസിൽദാരിൽനിന്നും ഈ കാര്യാലയത്തിൽ ലഭ്യമായിട്ടില്ലാത്തതാണ്.

നിലവിൽ ബ്ലോക്ക് പഞ്ചായത്ത് കണ്ടെത്തിയതായി പറയുന്ന ഭൂമി സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ ടി സർവ്വേ നമ്പറുകളിൽ ശ്രീ കുഞ്ഞിരായിൻ എന്നവരിൽനിന്നും ഏറനാട് താലൂക്ക് TLBയുടെ 25/06/1976-തീയതിയിലെ 700/73 നമ്പർ ഉത്തരവ് പ്രകാരം കൊണ്ടോട്ടി താലൂക്ക് പുളിക്കൽ വില്ലേജിൽ പഴയ സർവ്വേ നമ്പർ 8ൽ ഏറ്റെടുത്ത 5.40 ഏക്കർ മിച്ചഭൂമി ആണുള്ളതെന്ന് കാണുന്നു. ടി ഭൂമിയുമായി ബന്ധപ്പെട്ടാണ് ശ്രീ മുഹമ്മദലി കെ എം എന്നവർ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 10620/2024 നം കേസ് നിലിവുള്ളത്. ആയത് തീർപ്പായിട്ടില്ലാത്തതാണ്. ടി കേസിൽ DCMPM/14850/2022-C7 നമ്പർ ഫയലിൽ നടപടി സ്വീകരിച്ച് വരുന്നുണ്ട്.

നിലവിൽ ബ്ലോക്ക് പഞ്ചായത്ത് കണ്ടെത്തിയ ഭൂമി മേൽ സൂചിപ്പിച്ച മിച്ചഭൂമി തന്നെയാണോ എന്ന കാര്യത്തിൽ സ്പഷ്ടീകരണം ആവശ്യമാണ്.

തുടർനടപടികൾ നിർദ്ദേശിക്കുന്നതിനായി ഫയൽ സമർപ്പിക്കുന്നു.

**12/11/2024 04:56 PM** **RAJU P**
**C5 DCMPM**

---

**<u>Note # 37</u>**

ബ്ലോക്ക് പഞ്ചായത്ത് കണ്ടെത്തിയതായി പറയുന്ന ഭൂമി സംബന്ധിച്ച വിശദമായ റിപ്പോർട്ട് കൊണ്ടോട്ടി തഹസിൽദാരിൽനിന്നും ലഭ്യമാക്കാവുന്നതാണ്

**15/11/2024 09:23 AM** **RAMADAS P**
**JS(C) DCMPM**

---

**<u>Note # 38</u>**

ശരി .

**15/11/2024 10:10 AM** **P ANVER SADATH**
**DYC(LR) DCMPM**

---

**<u>Note # 39</u>**

കൊണ്ടോട്ടി തഹസിൽദാർക്കുള്ള കത്ത് കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു

**15/11/2024 04:58 PM** **RAJU P**
**C5 DCMPM**

---

**<u>Note # 40</u>**

അംഗീകരിക്കാവുന്നതാണ്

**15/11/2024 11:37 PM** **RAMADAS P**
**JS(C) DCMPM**

---

**<u>Note # 41</u>**

അംഗീകരിച്ചു .

**16/11/2024 10:50 AM** **P ANVER SADATH**
**DYC(LR) DCMPM**

---

**<u>Note # 42</u>**

സൂചന; കൊണ്ടോട്ടി തഹസിൽദാരുടെ 19/12/2024ലെTLKKDY/831/2022-C1 നമ്പർകത്ത്

സൂചന കണ്ടാലും. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുള്ള ഭൂമി സംബന്ധിച്ച് സൂചന പ്രകാരം തഹസിൽദാർ സ്കെച്ച് ബി ടി ആർ പകർപ്പ് എന്നിവ സഹിതം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി ഭൂമി ശ്രീ കുഞ്ഞിരായിൻ എന്നവരിൽനിന്നും കൊണ്ടോട്ടി താലൂക്ക് പുളിക്കൽ വില്ലേജിൽ പഴയ സർവ്വേ നമ്പർ 8ൽ ഏറ്റെടുത്ത 5.40 ഏക്കർ മിച്ചഭൂമി തന്നെയാണെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ടി ഭൂമി അനുയോജ്യമാണെന്നാണ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബഹു മന്ത്രിക്ക് സമർപ്പിച്ച പരാതിയിൽ വ്യക്തമാക്കിയിട്ടുള്ളത്. ടി ഭൂമിയുമായി ബന്ധപ്പെട്ട് ശ്രീ മുഹമ്മദലി കെ എം

എന്നവർ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 10620/2024 നം കേസ് നിലവിലുള്ളതും ആയത് തീർപ്പായിട്ടില്ലാത്തതുമാണ്.

മിച്ചഭൂമി അനുവദിക്കുന്നതിന് ടി ഭൂമി പൊതു ആവശ്യത്തിന് മാറ്റിവെച്ച് ഉത്തരവാക്കേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ ടി വിവരങ്ങൾ **ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനെ അറിയിച്ച്** ആവശ്യമായ ഭൂമി സംബന്ധിച്ച വിശദമായ പ്രപ്പോസൽ താലൂക്ക് മുഖേന സമർപ്പിക്കാൻ നിർദ്ദേശം നല്കാവുന്നതാണ്.

ഉത്തരവിനായി ഫയൽ സമർപ്പിക്കുന്നു.

**23/12/2024 01:10 PM**

**RAJU P**
**C5 DCMPM**

---

**Note # 43**

വർഷങ്ങൾക്കു മുമ്പ് ഏറ്റെടുത്ത മിച്ചഭൂമി പാറ ആയതിനാൽ പൊതു ആവശ്യത്തിന് നീക്കി വെച്ച് ഉത്തരവാകാൻ സാദ്ധ്യതയുണ്ട്. ബന്ധപ്പെട്ട മിച്ചഭൂമി ഫയൽ പരിശോധിക്കാവുന്നതാണ്.

ടി ഭൂമി വളരെ ചെങ്കുത്തായതും കരിമ്പാറ ഇനത്തിൽപ്പെട്ടതുമായ ഭൂമിയാണെന്നും പതിവിന് ഉപയുക്തമല്ലാത്ത ഭൂമിയാണെന്നും ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതികൾക്ക് ഈ ഭൂമി ഉപയുക്തമാണോ എന്ന് ബന്ധപ്പെട്ട വകുപ്പുമായി ആലോചിച്ച് തീരുമാനിക്കാവുന്നതാണെന്നും തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആയതിനാൽ ഭൂമി റവന്യൂ അധികാരികളുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് പരിശോധിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതികൾക്ക് ഈ ഭൂമി ഉപയുക്തമാണോ എന്ന് റിപ്പോർട്ട് ചെയ്യാൻ JD LSGD ക്ക് കത്ത് നൽകാവുന്നതാണ്.

**23/12/2024 09:12 PM**

**RAMADAS P**
**JS(C) DCMPM**

---

**Note # 44**

**ok, agreed.**

**25/12/2024 07:26 PM**

**P ANVER SADATH**
**DYC(LR) DCMPM**

---

**Note # 45**

കുറിപ്പ് 44ലെ നിർദ്ദേശപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർക്കുള്ള കത്ത് കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു. കൊണ്ടോട്ടി ഭൂരേഖാ തഹസിൽദാർക്ക് പകർപ്പ് നല്കി ടി ഭൂമി പൊതു ആവശ്യത്തിലേക്ക് മാറ്റി വെച്ചിട്ടുണ്ടോ എന്ന വിവരം റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെടാവുന്നതുമാണ്. അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**14/03/2025 02:18 PM**

**RAJU P**
**C5 DCMPM**

---

**<u>Note # 46</u>**

അംഗീകരിക്കാവുന്നതാണ്

**14/03/2025 02:28 PM**

**RAMADAS P**
**JS(C) DCMPM**

---

**<u>Note # 47</u>**

അംഗീകരിച്ചു.

**15/03/2025 09:57 AM**

**P ANVER SADATH**
**DYC(LR) DCMPM**

---

**BY FAX/MAIL**

GOVERNMENT OF KERALA

---

## L.A.INTERPELLATION -TIME LIMIT

---

No. N1/147/2022/RD

Revenue (N) Department
Thiruvananthapuram,
Dated: 23.06.2022
Phone No. 0471-2518241
email- revenuendept@gmail.com

From

The Additional Chief Secretary to Government

To

The Commissioner, Land Revenue, Thiruvananthapuram.
The Secretary, Land Board, Thiruvananthapuram.
The District Collector, Malappuram.

Sir/Madam,

Sub:- L.A.Interpellation- 30/06/2022-ന് മറുപടി നൽകേണ്ട **നക്ഷത്ര ചിഹ്നമിടാത്ത** നിയമസഭാ ചോദ്യം നമ്പർ 1502 – **'കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിക്ക് ഭൂമി'** - സംബന്ധിച്ച്.

..................................

Information on the points mentioned below for preparing the answer to an Interpellation should be furnished with explanatory notes, so as to reach Government **by return fax/mail.**

Yours faithfully,

(signature)

For Additional Chief Secretary to Government.

**Points on which` information is required**

(എ) കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിക്കായി കൊണ്ടോട്ടി താലൂക്കിലെ പുളിക്കൽ വില്ലേജിൽ ഉൾപ്പെട്ട ലാൻഡ് ബോർഡ് അധീനതയിൽ ഉള്ള മിച്ചഭൂമിയിൽ നിന്നും അഞ്ച് ഏക്കർ ഭൂമി അനുവദിച്ച് നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ആവശ്യമായ ഭൂമി അനുവദിച്ച് നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതുസംബന്ധിച്ച് സർക്കാർ നൽകിയ നിർദ്ദേശ പ്രകാരം വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?





Generated from eOffice by SADASIVAN E, ASO (U3) REV, ASO (U3) REV, Revenue Department on 19/03/2025 11:23 AM

I/81554/2022

കളക്ടറേറ്റ്
15 JUN 2022
മലപ്പുറം

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
റവന്യൂ കോംപ്ലക്സ് ,പബ്ലിക് ഓഫീസ് ബിൽഡിംഗ്
മ്യൂസിയം ജംഗ്ഷൻ ,തിരുവനന്തപുരം
മെയിൽ: lrcommissioner@gmail.com
ഫോൺ :0471-2322885

LR/5776/2022-LR(J5)

തീയതി:02-06-2022

കമ്മീഷണർ

ജില്ലാകളക്ടർ
മലപ്പുറം

സർ,

വിഷയം:- മലപ്പുറം ജില്ല - കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിനു ഭൂമി അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന:- 12.05.2022 -ലെ യു3/83/2022/റവന്യൂ നമ്പർ സർക്കാർ കത്ത്.

കൊണ്ടോട്ടി ഗ്രാമ പഞ്ചായത്തിലെ ശുചിത്വ മിഷൻ പദ്ധതിക്കായി ,പുളിക്കൽ വില്ലേജിലെ ബ്ലോക്ക് 7, 8 ൽ റീസർവ്വെ 94/2A 1 pt, 74/1A , 158/2 , 92/1, 446/1 , 185/3 എന്നീ നമ്പരുകളിലുൾപ്പെട്ട 24.5 ഏക്കർ മിച്ചഭൂമിയിൽ നിന്നും അഞ്ച് ഏക്കർ സ്ഥലം കൊണ്ടോട്ടി ഗ്രാമ പഞ്ചായത്തിന് കൈമാറിക്കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ബഹു . റവന്യൂ മന്ത്രിക്ക് സമർപ്പിച്ച അപേക്ഷ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത വിഷയം പരിശോധിച്ച് വിശദമായ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ASSISTANT COMMISSIONER

ഇത് കമ്പ്യൂട്ടർ ജനറേറ്റുചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവിശ്യമില്ല
ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

LR/5776/2022-LR(J5)

കേരള സർക്കാർ

17 MAY 2022

നം.യു3/83/2022/റവന്യൂ

റവന്യൂ (യു) വകുപ്പ്
തിരുവനന്തപുരം
തീയതി: 12/05/2022.

അഡീഷണൽ ചീഫ് സെക്രട്ടറി

J5

ശ്രീ. അബ്ദുൾ ഹമീദ്. പി
എം.എൽ.എ (വള്ളിക്കുന്ന്)
പുളിയക്കത്ത് ഹൗസ് പി.ഒ,
പട്ടിക്കാട് - പിൻ - 679 325.

സർ,

വിഷയം: റവന്യൂ വകുപ്പ് -മലപ്പുറം ജില്ല – കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിനു ഭൂമി നൽകുന്നതു - സംബന്ധിച്ച്-

സൂചന: താങ്കൾ ബഹു. റവന്യൂ വകുപ്പ് മന്ത്രിക്ക് 16.03.2022 ൽ നൽകിയ 38/Vallikkunnu/2022 നം. കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഏഴോളം ഗ്രാമ പഞ്ചായത്തുകൾക്ക് പ്രയോജനകരമാകുന്ന രീതിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിയ്ക്കായി പുളിക്കൽ വില്ലേജിലെ മിച്ചഭൂമിയിൽ നിന്നും 5 ഏക്കർ സ്ഥലം വിട്ടു നൽകുന്ന വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കമ്മീഷണർ, ലാൻഡ് റവന്യൂവിന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

ഗോപകുമാർ.ആർ.എൽ
അഡീഷണൽ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

പകർപ്പ്: കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം. (സൂചനയോടൊപ്പം ലഭിച്ച അപേക്ഷയും അനുബന്ധ രേഖകളും ക്ലിപ്തമായ റിപ്പോർട്ടിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.)

269018/2022/Tapal-CLR

1/5352392/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (എൻ) വകുപ്പ്

നമ്പർ.-എൻ1/147/2022-ഈ.ാന 15-07-2022,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, ലാന്റ് ബോർഡ്
തിരുവനന്തപുരം

സർ,

വിഷയം:- റവന്യൂ വകുപ്പ്-കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിക്ക ഭൂമി- വിവരം ആവശ്യപ്പെടുന്നത്-സംബന്ധിച്ച

സൂചന:- 1) താങ്കളുടെ 273.06.2022ലെ എൽ.ബി.ഇ1-1719/22 നമ്പർ കത്ത്

(2) മലപ്പുറം ജില്ലാ കളക്ടറുടെ 27.06.2022ലെ സി5/283/22 നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിക്ക് ഭൂമി നൽകുന്നത് സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കാൻ താൽപ്പര്യപ്പെടുന്നു

(1) കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിക്ക് നൽകാമെന്ന് കരുതുന്ന റീ സർവ്വെ 139/8 ലെ ഭൂമിയുടെ സ്വഭാവം എന്ത്?

(2) മേൽ ഭൂമി പദ്ധതിക്ക് അനുയോജ്യമാണോ?പതിവിന് അനുയോജ്യമാണോ? (3) മേൽ ഭൂമി ആരിൽ നിന്നുമാണ് ഏറ്റെടുത്തത്?

(4) ഭൂമി ലാൻഡ് ബോർഡിൻറെ പക്കലുള്ളതാണോ? ഈ ഭൂമിയിൽ കയ്യേറ്റമുണ്ടോ?

വിശ്വസ്തതയോടെ,
ബിനുരാജ് എസ്
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി



File No. REV-L1/66/2025-REV (Computer No. 3085893)
Generated from eOffice by SADASIVAN E, ASO (U3) REV, ASO (U3) REV, Revenue Department on 19/03/2025 11:23 AM

അംഗീകാരത്തോടെ

Bindhuja

സെക്ഷൻ ഓഫീസർ.

പകർപ്പ് :- ജില്ലാ കളക്ടർ മലപ്പുറം (27.6.2022 ലെ C2/283/22 നം റിപ്പോർട്ട്.)

I/102767/2022

ഭരണഭാഷ- മാതൃഭാഷ

എൽ.ബി. ഇ1-1719/22

ലാൻഡ് ബോർഡ് ഓഫീസ്
തിരുവനന്തപുരം - 695033
ഫോൺ നം.0471 2322841, 2328149
ഇമെയിൽ:slbtvpm@gmail.com
തീയതി:03-11-2022

കളക്ടറേറ്റ്
24 NOV 2022
മലപ്പുറം

സെക്രട്ടറി
ലാൻഡ് ബോർഡ്

ജില്ല കളക്ടർ
മലപ്പുറം

സർ,

C2

വിഷയം :- കേരള ഭൂപരിഷ്കരണ നിയമം, 1963 -കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ ശുചിത്വ പരിപാലന പദ്ധതിക്ക് ഭൂമി അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന :- (1) 30/07/22ലെ മേൽ നം കത്ത്
(2) 29/9/22ലെ സർക്കാരിന്റെ എൻ1/147/2022-റവ നം കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ ശുചിത്വ പരിപാലന പദ്ധതിക്ക് ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും 15/7/22ന് നൽകിയിരുന്ന അക്കമിട്ട ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ സൂചന(1) പ്രകാരം നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. നിലവിൽ സർക്കാരിൽ നിന്നും സൂചന(2) പ്രകാരം റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതിനാൽ ആയത് ഒരാഴ്ചയ്ക്കകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**Signed by Sam Cleetus**
**Date: 03-11-2022 16:59:40**

അസിസ്റ്റൻറ് സെക്രട്ടറി

ഇത് കമ്പ്യൂട്ടർ ജനറേറ്റുചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവശ്യമില്ല ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

<u>ഭരണഭാഷ-മാതൃഭാഷ</u>

<u>ഓർമ്മക്കുറിപ്പ്</u>

**ജില്ലാ കളക്ടറുടെ കാര്യാലയം,സിവിൽ സ്റ്റേഷൻ മലപ്പുറം-676505,ഫോൺ 0483-2734922**

<u>ഫാക്സ്- 0483-2730010, ഇ മെയിൽ- dcm.ker@nic.in</u>

**തീയതി :13-12-2022**

പ്രേഷകൻ

ജില്ലാ കളക്ടർ,

മലപ്പുറം

സ്വീകർത്താവ്

തഹസിൽദാർ (ഭൂരേഖ)

കൊണ്ടോട്ടി

സർ,

വിഷയം:- കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യശുചിത്വ പദ്ധതിക്കായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന:- 1.താങ്കളുടെ 22.08.2022 ലെ L4-4947/2022 നം.കത്ത്

2.ഈ ഓഫീസിലെ 6.9.2022 ലെ ഇതേ നം.കത്ത്

3.ലാന്റ് ബോർഡ് സെക്രട്ടറിയുടെ 03/11/2022ലെ LBE1-1719/2022നമ്പർ കത്ത്

**********************

കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യശുചിത്വ പദ്ധതിക്കായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് സർക്കാരിലേക്ക് അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കാൻ സൂചന 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. താലൂക്ക് സർവ്വേയർ, പുളിക്കൽ വില്ലേജ് ഓഫീസർ, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ **23/08/2022ന്** സ്ഥലപരിശോധന നടത്തുമെന്ന് താങ്കൾ സൂചന 1 പ്രകാരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലം പരിശോധിച്ചതിന്റെ റിപ്പോർട്ടുകൂടി ഉൾപ്പെടുത്തി മറുപടി നല്കാനാവശ്യപ്പെട്ട് സൂചന 2 പ്രകാരം കത്ത് നല്കിയിരുന്നെങ്കിലും നാളിതുവരെയായിട്ടും. മറുപടി ലഭ്യമായിട്ടില്ല. സ്ഥലം പരിശോധിച്ചതിന്റെ വിവരങ്ങളുൾ പ്പെടുത്തിയ റിപ്പോർ ട്ട് **14/12/2022ന മുമ്പായി** ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

സർക്കാരിലേക്ക് അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കേണ്ടതിനാൽ ഇനിയും കാലതാമസം അനുവദനീയമല്ല.

Signed by
AHAMMED MUSTHAFA KOOTHRADAN
Date: 13-12-2022 12:30:10

വിശ്വാസപൂർവ്വം,
JS(C) DCMPM

ജില്ലാ കളക്ടർക്ക് വേണ്ടി

**L4-4947/22**

താലൂക്ക് ഓഫീസ്, കൊണ്ടോട്ടി.
ഫോൺ നമ്പർ : 0483 2713311.
ഇ-മെയിൽ :kondottytaluk@gmail.com
പിൻ : 673 638.
തീയതി : 17.12.2022

പ്രേഷകൻ
തഹസിൽദാർ (ഭൂരേഖ),
കൊണ്ടോട്ടി.

സ്വീകർത്താവ്
ജില്ലാ കലക്ടർ
മലപ്പുറം

സർ,

വിഷയം : കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യ ശുചിത്വ പദ്ധതിക്കായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന : അങ്ങയുടെ 13/12/22 തീയതിയിലെ DCMPM/7283/2022-C5 നമ്പർ കത്ത്

****************

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യ ശുചിത്വ പദ്ധതിക്കായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് താലൂക്ക് സർവെയർ ,പുളിക്കൽ വി.ഒ,കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നവരുടെ സാന്നിദ്ധ്യത്തിൽ 23/8/22 ന് സ്ഥലപരിശോധന നടത്തിയിരുന്നു.ആയതിൻപ്രകാരം 1 ഏക്കർ,5 ഏക്കർ ഉള്ളതുമായ രണ്ട് സ്ഥലങ്ങൾ പദ്ധതിക്ക് ഉതകുമെങ്കിലും ആയത് പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട വിദഗ്ദരോട് ചർച്ച ചെയ്തതിന് ശേഷം മാത്രമേ അന്തിമ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ എന്ന മറുപടിയാണ് കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ മറുപടിയായി നൽകിയിരിക്കുന്നത്.ആയത് തുടർ നടപടികൾക്കായി സമർപ്പിക്കുന്നു.

വിശ്വാസ പൂർവ്വം,

(ഒപ്പ്)

തഹസിൽദാർ (ഭൂരേഖ).

<u>ഭരണഭാഷ-മാതൃഭാഷ</u>

**ജില്ലാ കളക്ടറുടെ കാര്യാലയം,സിവിൽ സ്റ്റേഷൻ മലപ്പുറം-676505,ഫോൺ 0483-2734922**

ഫാക്സ്- 0483-2730010, ഇ മെയിൽ- dcm.ker@nic.in

**തീയതി :20-12-2022**

പ്രേഷകൻ

ജില്ലാ കളക്ടർ,

മലപ്പുറം

സ്വീകർത്താവ്

(1)അഡീഷണൽ ചീഫ് സെക്രട്ടറി

റവന്യൂ (എൻ) വകുപ്പ്

തിരുവനന്തപുരം

(2) സെക്രട്ടറി,

സ്റ്റേറ്റ് ലാന്റ് ബോർഡ്

തിരുവനന്തപുരം

സർ,

വിഷയം:- കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യശുചിത്വ പദ്ധതിക്കായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന:- (1) റവന്യൂ (എൻ) വ കുപ്പ് അഡീഷണൽ ചീഫ് സെക്രറിയുടെ 15/07/2022ലെ എൻ1-147/2022/റവന്യൂ നമ്പർ കത്ത്

(2) ലാന്റ് ബോർഡ് സെക്രട്ടറിയുടെ 30/07/2022ലെ LBE1-1719/2022 നമ്പർ കത്ത്

(3) കൊണ്ടോട്ടി ഭൂരേഖാ തഹസിൽദാരുടെ 22/08/2022, 17/12/2022 തീയ്യതികളിലെ എൽ4-4947/22 നമ്പർ കത്ത്

**********************

സൂചനകളിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യശുചിത്വ പദ്ധതിക്കായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് സൂചന ( 3 ) പ്രകാരം കൊണ്ടോട്ടി ഭൂരേഖാ തഹസിൽദാർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിലെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ലഭ്യമായ ഭൂമി സൂചന (1), (2) കത്തുകളിൽ പരാമർശിക്കുന്നതു പ്രകാരം കൊണ്ടോട്ടി താലൂക്ക് പുളിക്കൽ വില്ലേജിൽ സർവ്വേ നമ്പർ 139/8ൽ ഉൾപ്പെട്ട ഭൂമി അല്ല. എന്നാൽ പുളിക്കൽ വില്ലേജിൽ തന്നെ 94/2A1pt, 74/1A, 158/2, 446/1, 185/3 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ടുകൊണ്ട് ഭൂമി ലഭ്യമാണ്.
2. ടി ഭൂമി പദ്ധതിക്ക് അനുയോജ്യമാണോ എന്ന് പരിശോധിക്കുന്നതിന് താലൂക്ക് സർവ്വേയർ, പുളിക്കൽ വില്ലേജ് ഓഫീസർ, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ 23/08/2022ന് സംയുക്ത പരിശോധന നടത്തിയിരുന്നു. പരിശോധനയിൽ ഒരേക്കക്കർ, അഞ്ചേക്കർ എന്നിങ്ങനെ വിസ്തീർണ്ണമുള്ള രണ്ടു ഭൂമി പദ്ധതിക്കുതകുന്നതായി കണ്ടെത്തിയെങ്കിലും ബന്ധപ്പെട്ട വിദഗ്ധരോട് ചർച്ച ചെയ്തതിനുശേഷം മാത്രമേ അന്തിമ തീരുമാനമെടുക്കാനാകൂ എന്ന് കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചിട്ടുള്ളതാണ്.
3. ടി ഭൂമി കെ സി കുഞ്ഞിരായിൻ ആന്തിയൂർക്കുന്ന്, ശ്രീ കുട്ടക്കിൽ ചെമ്പാട്ട് മുഹമ്മദ്, ശ്രീ

കുടുക്കിൽ ചെമ്പാട്ട് യൂസുഫ്, ശ്രീ കെ പി മൊയ്തീൻകുട്ടി, ശ്രീ കെ സി മോനുദ്ദീൻ ഹാജി, ശ്രീ കല്ലാകളാട്ടുങ്ങൽ മുഹമ്മദാജി, ശ്രീ തെഞ്ചേര് പാത്തുമ്മക്കുട്ടി എന്നിവരിൽനിന്നും ഏറ്റെടുത്തിട്ടുള്ളതാണ്.

4. ടി ഭൂമി വില്ലേജ് ഓഫീസറുടെ അധീനതയിലുള്ളതാണ്. നിലവിൽ കൈയ്യേറ്റം ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

മേൽവിവരങ്ങൾ അങ്ങയുടെ അറിവിലേക്കായി സമർപ്പിച്ചുകൊള്ളുന്നു.

വിശ്വാസപൂർവ്വം

Signed by
Dr.mc Rejil
Date: 20-12-2022 20:12:09

DEPUTY COLLECTOR
ജില്ലാ കളക്ടർക്ക് വേണ്ടി

I/119564/2023

ഭരണഭാഷ- മാതൃഭാഷ

എൽ.ബി. ഇ1-1719/22

ലാൻഡ് ബോർഡ് ഓഫീസ്
തിരുവനന്തപുരം - 695033
ഫോൺ നം.0471 2322841, 2328149
ഇമെയിൽ:slbtvpm@gmail.com
തീയതി:16-02-2023

സെക്രട്ടറി
ലാൻഡ് ബോർഡ്

ജില്ല കളക്ടർ
മലപ്പുറം,

കളക്ടറേറ്റ്
20 FEB 2023
മലപ്പുറം

സർ,

വിഷയം :- കേരള ഭൂപരിഷ്കരണ നിയമം, 1963- കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യ ശുചിത്വ പദ്ധതിക്കായി ഭൂമി നൽകുന്നത്-സംബ-

സൂചന :- (1) 5/1/23ലെ സർക്കാരിന്റെ എൻ1/147/2022/റവ നം കത്ത്
(2) 30/7/22ലെ മേൽ നം കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യ ശുചിത്വ പരിപാലന പദ്ധതിക്ക് ഭൂമി അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് സർക്കാരിൽ നിന്നും അക്കമിട്ട ചോദ്യങ്ങൾ ചോദിച്ചിരുന്നതിന് മറുപടി ലഭ്യമാക്കാൻ സൂചന(2) പ്രകാരം കത്ത് നൽകിയിരുന്നു. തുടർന്ന് സർക്കാരിൽ നിന്നും നിലവിൽ ലഭ്യമായ കത്തിന് അനുബന്ധമായി താങ്കളുടെ റിപ്പോർട്ട് നൽകിയിരുന്നു . ടി റിപ്പോർട്ടിൽ സർക്കാരിൽ നിന്നും അക്കമിട്ട് ചോദിച്ചിരുന്ന ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കിയിരിക്കുന്നതിൽ സർവ്വെ 139/8ൽ ഭൂമി ലഭ്യമല്ല എന്നും എന്നാൽ സർവ്വെ 94/2എ1/pt, 74/1എ, 158/2, 446/1, 185/3 നമ്പരുകളിലായി ഭൂമി ലഭ്യമാണ് എന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. എന്നാൽ സർക്കാരിൽ നിന്നും സർവ്വെ 139/8 ലെ ഭൂമി സംബന്ധിച്ചാണ് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നത്.

85

ടി ഭൂമി മേൽ സൂചിപ്പിച്ച പ്രകാരമുള്ള പദ്ധതിക്ക് അനുയോജ്യമാണോ എന്ന് അറിയുന്നതിനായി താലൂക്ക് സർവ്വെയർ, പുളിക്കൽ വില്ലേജ് ഓഫീസർ,കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തിയതായും പരിശോധന യിൽ ഒരേക്കർ അഞ്ചേക്കർ എന്നിങ്ങനെ രണ്ടു ഭൂമി പദ്ധതിക്കുതകുന്നതായി കണ്ടെത്തിയതായി പറയുന്നു. എന്നാൽ ടി ഭൂമി ഏതൊക്കെ സർവ്വെ നമ്പരിൽ



File No. REV-L1/66/2025-REV (Computer No. 3085893)
Generated from eOffice by SADASIVAN E, ASO (U3) REV, ASO (U3) REV, Revenue Department on 19/03/2025 11:23 AM

I/119564/2023

ഉൾപ്പെട്ടവയാണ് എന്ന് റിപ്പോർട്ടിൽ പറയുന്നില്ല.

ആയതിനാൽ ആരോഗ്യ ശുചിത്വ പരിപാലന പദ്ധതിക്ക് അനുയോജ്യമായ ഭൂമി സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സ്ഥിരീകരണം ലഭ്യമാക്കി ഭൂമിയുടെ വിശദ വിവരം സഹിതം വ്യക്തമായ ശുപാർശ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**Signed by Sam Cleetus**
**Date: 16-02-2023 12:21:56**
അസിസ്റ്റന്റ് സെക്രട്ടറി

ഇത് കമ്പ്യൂട്ടർ ജനറേറ്റുചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവശ്യമില്ല ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

<u>ഭരണഭാഷ-മാതൃഭാഷ</u>

**ജില്ലാ കളക്ടറുടെ കാര്യാലയം,സിവിൽ സ്റ്റേഷൻ മലപ്പുറം-676505,ഫോൺ 0483-2734922**

<u>ഫാക്സ്- 0483-2730010, ഇ മെയിൽ- dcm.ker@nic.in</u>

**തീയതി :17-03-2023**

പ്രേഷകൻ

ജില്ലാ കളക്ടർ,

മലപ്പുറം

സ്വീകർത്താവ്

തഹസിൽദാർ (ഭൂരേഖ)

കൊണ്ടോട്ടി

സർ,

വിഷയം:- കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യശുചിത്വ പദ്ധതിക്കായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന:- 1) ലാന്റ് ബോർഡ് സെക്രട്ടറിയുടെ 16/02/2023ലെ LBE1-1719/2022 നമ്പർ കത്ത്

2) ആ കാര്യാലയത്തിലെ 17/12/2022 തീയ്യതിയിലെ എൽ4-4947/22 നമ്പർ കത്ത്

കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യശുചിത്വ പദ്ധതിക്കായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് സൂചന (2) പ്രകാരമുള്ള കത്തിന്റെ അടിസ്ഥാനത്തിൽ ലാന്റ് ബോർഡ് സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ ആയതിൽ ലഭ്യമായ ഭൂമി ഏത് സർവ്വേ നമ്പറിലാണ് ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കിയിട്ടില്ലെന്നും പദ്ധതിക്കുതകുന്ന ഭൂമി സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിൽനിന്നും സ്ഥിരീകരണം ലഭ്യമാക്കി പ്രപ്പോസൽ സമർപ്പിക്കണമെന്നും സൂചന (1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ വിവരങ്ങൾ വ്യക്തമാക്കുന്ന റിപ്പോർട്ട് അടിയന്തിരമായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വാസപൂർവ്വം,

DYC(LR) DCMPM

ജില്ലാ കളക്ടർക്ക് വേണ്ടി

Signed by
Anver Sadath P
Date: 17-03-2023 15:16:37

I/140528/2023

ഭരണഭാഷ- മാതൃഭാഷ

**ഓർമ്മക്കുറിപ്പ്**

എൽ.ബി. ഇ 1 -1719/22

ലാൻഡ് ബോർഡ് ഓഫീസ്
തിരുവനന്തപുരം - 695033
ഫോൺ നം.0471 2322841, 2328149
ഇമെയിൽ:slbtvpm@gmail.com
തീയതി.04-07-2023

7 JUL 2023

സെക്രട്ടറി
ലാൻഡ് ബോർഡ്

ജില്ലാകളക്ടർ
മലപ്പുറം

സർ,

വിഷയം :- കേരള ഭൂപരിഷ്കരണ നിയമം, 1963 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യ ശുചിത്വ പദ്ധതിക്കായി ഭൂമി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- (1) താങ്കളുടെ 20/12/22 ലെ DCMPM/7283/2022/C5 നംപർ കത്ത്
(2) 16/02/2023 ലെ മേൽ നമ്പർ കത്ത്
(3) 08/06/2023 ലെ സർക്കാരിന്റെ എൽ1/147/2022/റവന്യൂ നമ്പർ നംപർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യ ശുചിത്വ പരിപാലന പദ്ധതിയ്ക്കായി ഭൂമി അനുവദിയ്ക്കുന്നതിലേയ്ക്ക്, കൊണ്ടോട്ടി താലൂക്ക് പുളിക്കൽ വില്ലേജിലെ വിവിധ സർവെ നംപരുകളിൽ പെട്ട 1 ഏക്കർ, 5 ഏക്കർ എന്നിങ്ങനെ വിസ്തീർണ്ണമുള്ള രണ്ട് ഭൂമി പദ്ധതിയ്ക്കുതകുന്നതായി കണ്ടെത്തിയതായും, ബന്ധപ്പെട്ട വിദഗ്ദ്ധരുമായി ചർച്ച ചെയ്തതിനുശേഷം മാത്രമേ അന്തിമ തീരുമാനമെടുക്കാനാകൂ എന്ന് കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചതായും സൂചന (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

ഈ വിഷയം സംബന്ധിച്ച റിപ്പോർട്ട് ഉടൻ സമർപ്പിയ്ക്കുവാൻ സൂചന (3) പ്രകാരം സർക്കാർ ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ, ആരോഗ്യ ശുചിത്വ പരിപാലന പദ്ധതിയ്ക്ക് അനുയോജ്യമായ ഭൂമി സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സ്ഥിരീകരണം ലഭ്യമാക്കി ഭൂമിയുടെ വിശദവിവരം സഹിതം വ്യക്തമായ റിപ്പോർട്ട് ഒരാഴ്ചക്കകം സമർപ്പിയ്ക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**Signed by Sam Cleetus**
**Date: 04-07-2023 15:14:32**
അസിസ്റ്റൻറ് സെക്രട്ടറി

ഇത് കമ്പ്യൂട്ടർ ജനറേറ്റുചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവശ്യമില്ല ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in/ എന്നവെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

<u>ഭരണഭാഷ-മാതൃഭാഷ</u>

**<u>ഓർമ്മക്കുറിപ്പ്</u>**

**ജില്ലാ കളക്ടറുടെ കാര്യാലയം,സിവിൽ സ്റ്റേഷൻ മലപ്പുറം-676505,ഫോൺ 0483-2734922**

<u>ഫാക്സ്- 0483-2730010, ഇ മെയിൽ- dcm.ker@nic.in</u>

**തീയതി** :07-07-2023

പ്രേഷകൻ

ജില്ലാ കളക്ടർ,

മലപ്പുറം

സ്വീകർത്താവ്

തഹസിൽദാർ (ഭൂരേഖ)

കൊണ്ടോട്ടി

സർ,

വിഷയം:- കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യശുചിത്വ പദ്ധതിക്കായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന:- 1) ലാന്റ് ബോർഡ് സെക്രട്ടറിയുടെ 04/07/2023ലെ LBE1-1719/2022 നമ്പർ കത്ത്

2) ഈ കാര്യാലയത്തിലെ 17/03/2023ലെ ഇതേ നമ്പർ കത്ത്

**********************

കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യശുചിത്വ പദ്ധതിക്കായി ഭൂമി ലഭ്യമാക്കുന്നതിന് പദ്ധതിക്കുതകുന്ന ഭൂമി സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിൽനിന്നും സ്ഥിരീകരണം ലഭ്യമാക്കി പ്രപ്പോസൽ സമർപ്പിക്കുന്നതിന് വിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ച് സൂചന (2) പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് നാളിതുവരെ ലഭ്യമായിട്ടില്ലാത്തതാണ്. പ്രപ്പോസൽ ഒരാഴ്ചക്കകം നല്കണമെന്ന് ലാന്റ് ബോർഡിൽനിന്നും സൂചന (1) പ്രകാരം വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ആവശ്യപ്പെട്ട റിപ്പോർട്ട് 12/07/2023നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വാസപൂർവ്വം,

ജില്ലാ കളക്ടർക്ക് വേണ്ടി

Signed by
Anver Sadath P
Date: 07-07-2023 15:36:37

I/140528/2023
I/140528/2023

ഭരണഭാഷ- മാതൃഭാഷ

**ഓർമ്മക്കുറിപ്പ്**

എൽ.ബി. ഇ 1 -1719/22

ലാൻഡ് ബോർഡ് ഓഫീസ്
തിരുവനന്തപുരം - 695033
ഫോൺ നം.0471 2322841, 2328149
ഇമെയിൽ:slbtvpm@gmail.com
തീയതി.04-07-2023

C5

സെക്രട്ടറി
ലാൻഡ് ബോർഡ്

ജില്ലാകളക്ടർ
മലപ്പുറം

സർ,

വിഷയം :- കേരള ഭൂപരിഷ്കരണ നിയമം, 1963 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യ ശുചിത്വ പദ്ധതിക്കായി ഭൂമി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- (1) താങ്കളുടെ 20/12/22 ലെ DCMPM/7283/2022/C5 നംപർ കത്ത്
(2) 16/02/2023 ലെ മേൽ നമ്പർ കത്ത്
(3) 08/06/2023 ലെ സർക്കാരിന്റെ എൻ1/147/2022/റവന്യൂ നമ്പർ നംപർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യ ശുചിത്വ പരിപാലന പദ്ധതിയ്ക്കായി ഭൂമി അനുവദിയ്ക്കുന്നതിലേയ്ക്ക്, കൊണ്ടോട്ടി താലൂക്ക് പുളിക്കൽ വില്ലേജിലെ വിവിധ സർവെ നംപരുകളിൽ പെട്ട 1 ഏക്കർ, 5 ഏക്കർ എന്നിങ്ങനെ വിസ്തീർണ്ണമുള്ള രണ്ട് ഭൂമി പദ്ധതിയ്ക്കുതകുന്നതായി കണ്ടെത്തിയതായും, ബന്ധപ്പെട്ട വിദഗ്ധരുമായി ചർച്ച ചെയ്യുതിനുശേഷം മാത്രമേ അന്തിമ തീരുമാനമെടുക്കാനാകൂ എന്ന് കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചതായും സൂചന (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

ഈ വിഷയം സംബന്ധിച്ച റിപ്പോർട്ട് ഉടൻ സമർപ്പിയ്ക്കുവാൻ സൂചന (3) പ്രകാരം സർക്കാർ ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ, ആരോഗ്യ ശുചിത്വ പരിപാലന പദ്ധതിയ്ക്ക് അനുയോജ്യമായ ഭൂമി സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സ്ഥിരീകരണം ലഭ്യമാക്കി ഭൂമിയുടെ വിശദവിവരം സഹിതം വ്യക്തമായ റിപ്പോർട്ട് ഒരാഴ്ചക്കകം സമർപ്പിയ്ക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

അസിസ്റ്റൻറ് സെക്രട്ടറി

ഇത് കമ്പ്യൂട്ടർ ജനറേറ്റുചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവശ്യമില്ല ഈ കത്തിന്റെ. ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in/ എന്നവെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

I/172520/2024

ഭരണഭാഷ- മാതൃഭാഷ

**വളരെ അടിയന്തിരം**

എൽ.ബി. ഇ1-1719/22
(eOffice: LB/1719/2022-E1 )

ലാൻഡ് ബോർഡ് ഓഫീസ്
തിരുവനന്തപുരം - 695033
ഫോൺ നം.0471 2322841, 2328149
ഇമെയിൽ:slbtvpm@gmail.com
തീയതി. 07-02-2024

സെക്രട്ടറി
ലാൻഡ് ബോർഡ്

ജില്ലാകളക്ടർ
മലപ്പുറം

സർ,

വിഷയം :- കേരള ഭൂപരിഷ്കരണ നിയമം, 1963 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യ ശുചിത്വ പദ്ധതിക്കായി ഭൂമി നൽകുന്നത് - സംബന്ധിച്ച്

സൂചന :- (1) താങ്കളുടെ 20-12-2022 ലെ DCMPM/7283/2022/C5 നമ്പർ കത്ത്
(2) 04-07-2023 ലെ മേൽ നമ്പർ ഓർമ്മക്കുറിപ്പ്
(3) 08-06-2023 ലെ സർക്കാരിന്റെ എൻ1/147/2022/റവന്യൂ നമ്പർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യ ശുചിത്വ പരിപാലന പദ്ധതിയ്ക്കായി ഭൂമി അനുവദിക്കുന്നതിലേയ്ക്ക്, കൊണ്ടോട്ടി താലൂക്ക് പുളിക്കൽ വില്ലേജിലെ വിവിധ സർവ്വേ നംപരുകളിൽ പെട്ട 1 ഏക്കർ, 5 ഏക്കർ എന്നിങ്ങനെ വിസ്തീർണ്ണമുള്ള രണ്ട് ഭൂമി പദ്ധതിയ്ക്കുതകുന്നതായി കണ്ടെത്തിയതായും, ബന്ധപ്പെട്ട വിദഗ്ദരുമായി ചർച്ച ചെയ്തതിന് ശേഷം മാത്രമേ അന്തിമ തീരുമാനമെടുക്കാനാകൂ എന്ന് കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചതായും സൂചന (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

ഈ വിഷയം സംബന്ധിച്ച് ഉടൻ റിപ്പോർട്ട് സമർപ്പിയ്ക്കുവാൻ സൂചന (3) പ്രകാരം സർക്കാർ ഓർമ്മക്കുറിപ്പിലൂടെ ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ആരോഗ്യ ശുചിത്വ പരിപാലന പദ്ധതിയ്ക്ക് അനുയോജ്യമായ ഭൂമി സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സ്ഥിരീകരണം ലഭ്യമാക്കി ഭൂമിയുടെ വിശദവിവരം സഹിതം **15/2/2024-നകം** റിപ്പോർട്ട് സമർപ്പിയ്ക്കേണ്ടതാണ്.

വിശ്വസ്തതയോടെ

**Signed by Sam Cleetus**
**Date: 07-02-2024 10:52:55**
അസിസ്റ്റൻറ് സെക്രട്ടറി

ഇത് കമ്പ്യൂട്ടർ ജനറേറ്റുചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവശ്യമില്ല ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in/ എന്നവെബ് സൈറ്റ് സന്ദർശിക്കാവുന്നതാണ്

നമ്പർ : **LSGD/JD/MPM/7262/2024-ബി3**

തദ്ദേശ സ്വയംഭരണ വകുപ്പ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, മലപ്പുറം.
ഇ-മെയിൽ: **jdlsgdmpm@gmail.com**
ഫോൺ: **0483-2734838**

തീയ്യതി: **27-10-2024**

പ്രേഷകൻ:
ജോയിന്റ് ഡയറക്ടർ,
തദ്ദേശ സ്വയംഭരണ വകുപ്പ്

സ്വീകർത്താവ് :
ജില്ലാ കലക്ടർ,
മലപ്പുറം

സർ,

വിഷയം :- തദ്ദേശ അദാലത്ത്- ജില്ലാതല അദാലത്ത്- കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ

സൂചന :- **PLMPM10113000003, PLMPM10113000001** നമ്പർ അപേക്ഷകൾ

മേൽ വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബിന്ദു എന്നവർ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തും, പള്ളിക്കൽ ഗ്രാമ പഞ്ചായത്തും ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയായ പള്ളിക്കൽ ഫാമിലി ഹെൽത്ത് സെന്ററിലേക്ക് മരുന്നു വാങ്ങൽ പദ്ധതിലേക്ക് മരുന്ന് വിതരണം കാര്യക്ഷമമാക്കുന്നതിന് ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ടും, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യശുചിത്വ പരിപാലന പദ്ധതിക്കായി ഭൂമി അനുവദിക്കണമെന്നതുമായി ബന്ധപ്പെട്ടും **05/09/2024** ന് നടന്ന തദ്ദേശ അദാലത്തിൽ **2** അപേക്ഷകൾ ബഹു മന്ത്രി മുമ്പാകെ നേരിട്ട് സമർപ്പിച്ചിരുന്നു.

മേൽ അപേക്ഷകളിൽ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യശുചിത്വ പരിപാലന പദ്ധതിക്കായി ഭൂമി അനുവദിക്കണമെന്നതുമായി ബന്ധപ്പെട്ട അപേക്ഷയിലെ തുടർനടപടിയായി **50** സെന്റ് സ്ഥലം അനുവദിക്കുന്നതിന് ജില്ലാ കലക്ടറുമായി സംസാരിച്ചിട്ടുണ്ടെന്ന വിവരം രേഖപ്പെടുത്തി നൽകിയിട്ടുണ്ട്. എന്നാൽ പരാമർശിത നിർദേശം രേഖപ്പെടുത്തിയ അപേക്ഷ മാറി മരുന്നുമായി ബന്ധപ്പെട്ട അപേക്ഷയിലാണ് ബഹു മന്ത്രി നിർദേശം രേഖപ്പെടുത്തിയത്. മേൽ



File No. REV-L1/66/2025-REV (Computer No. 3085893)
Generated from eOffice by SADASIVAN E, ASO (U3) REV, ASO (U3) REV, Revenue Department on 19/03/2025 11:23 AM

സാഹചര്യത്തിൽ ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിലെ തുടർനടപടികൾക്കായി ബഹു മന്ത്രി നിർദേശം രേഖപ്പെടുത്തിയ അപേക്ഷയും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച നിവേദനവും ഇതൊന്നിച്ച് ഉള്ളടക്കം ചെയ്ത് സമർപ്പിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ

**Murali VK**
ജില്ലാ ജോയിന്റ് ഡയറക്ടർ

ഉള്ളടക്കം : സൂചന അപേക്ഷ

Signed by
Murali Vellat Kambath
Date: 27-10-2024 21:29:59

(13)

Sl No. 22.

കൊണ്ടോട്ടി ബ്ലോക്ക്പഞ്ചായത്ത്, ശ്രീമതി. ബിന്ദു.കെ (PLMPM10113000001).

പള്ളിക്കൽ ഗ്രാമ പഞ്ചായത്തും, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തും പള്ളിക്കൽ ഫാമിലി ഹെൽത്ത് സെന്ററിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി നടപ്പിലാക്കിയ പ്രോജക്ടുകൾ പ്രകാരം 2022 മുതൽ 2024 വരെയുള്ള കാലയളവിൽ 30,08,907/- രൂപ KMSCL എന്ന സ്ഥാപനത്തിന് കൈമാറിയിരുന്നു. 1183280/- രൂപയുടെ മരുന്നുകൾ മാത്രമേ ഇതേവരെ ലഭ്യമായിട്ടുള്ളൂവെന്നും . ബാക്കി വരുന്ന 1825627 /- രൂപക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിന് ആവിശ്യമായ ഇടപെടൽ ബഹു മന്ത്രിയുടെ ഭാഗത്ത് നിന്നും ഉണ്ടാകണമെന്ന് അപേക്ഷിച്ച കൊണ്ടാണ് കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

മരുന്ന് വിതരണം കാര്യക്ഷമമാക്കുന്നതിന് KMSCLനു സർക്കാർ തലത്തിൽ നിർദ്ദേശം നൽകുന്നതിനായി ശുപാർശ ചെയ്യാവുന്നതാണ്.

മേൽ നിവേദനം ബഹു മന്ത്രിയുടെ മുമ്പാകെ സമർപ്പിക്കേണ്ടതിലേക്ക് അപേക്ഷ ജില്ലാ അദാലത്ത് സമിതിക്ക് കൈമാറി നല്കുന്നതിന് അദാലത്ത് സമിതി തീരുമാനിച്ചു.

ഉപജില്ലാ സമിതിയുടെ ശുപാർശ പരിഗണിച്ച് ബഹു വകുപ്പ് മന്ത്രിക്ക് മുമ്പാകെ സമർപ്പിക്കാൻ സംസ്ഥാന സമിതിക്ക് വിടുന്നതിന് തീരുമാനിച്ചു.

A.C
Hon'ble minister spoke to D.C. D.C agreed to transfer 50 cents of land to Kondotty Muni[illegible]

5/9/24

എം.ബി. രാജേഷ്
തദ്ദേശസ്വയംഭരണവും എക്സൈസും
പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി

**BINDU K.**
**President**
**Kondotty Block Panchayath**
**Kondotty P.O., Malappuram District**
**Ph: 0483 2712084**

Areeparambil
Kumminparaba
Kumminparaba P.O.
Malappuram District
Pin: 673638
Ph: 9447137962

Ref

Date: 24/08/2024

ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി
കേരള സംസ്ഥാനം

സർ,

വിഷയം :- കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് - ആരോഗ്യ ശുചിത്വ പദ്ധതി - ഭൂമി ഏറ്റെടുക്കുന്നത് - സംബന്ധിച്ച്.

സൂചന :- (1) ലാൻറ് റവന്യൂ കമ്മീഷണറുടെ 02.06.022 ലെ LR/5776/2022-LR (J5) നമ്പർ കത്ത്.
(2) മലപ്പുറം ജില്ലാ കളക്ടറുടെ 01.07.2022 ലെ DCMPM/7283/2022-C5 നമ്പർ കത്ത്.
(3) കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിൻറെ 31.08.2022 ലെ കത്ത്.
(4) കൊണ്ടോട്ടി തഹസിൽദാരുടെ (ഭൂരേഖ) 12.04.23 ലെ L1-4947/22(2) നമ്പർ കത്ത്.
(5) കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 26.07.2023 ന് തഹസിൽദാർക്ക് (ഭൂരേഖ) അയച്ച BPKDY/464/2023-B നമ്പർ കത്ത്
(6) കൊണ്ടോട്ടി തഹസിൽദാരുടെ (ഭൂരേഖ) 26.02.24 ലെ L4-4947/2022 നമ്പർ കത്ത്.

..................

കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൻറെ ആരോഗ്യ ശുചിത്വ പരിപാലന പദ്ധതിക്കായി 5 ഏക്കര് ഭൂമി അനുവദിക്കണമെന്നാവശ്യപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ബഹു.റവന്യൂ വകുപ്പ് മന്ത്രിക്ക് അപേക്ഷ സമർപ്പിച്ചിരുന്നു.

അപേക്ഷയിൽ തുടര് നടപടികള് സ്വീകരിക്കണമെന്നറിയിച്ച് ലാൻറ് റവന്യൂ കമ്മീഷണര് സൂചന 1 പ്രകാരം മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

തുടർന്ന് സൂചന 2 പ്രകാരമുള്ള ബഹു.മലപ്പുറം ജില്ലാ കളക്ടറുടെ നിർദ്ദേശത്തിൻറെ അടിസ്ഥാനത്തില് കൊണ്ടോട്ടി താലൂക്കിലെ പുളിക്കൽ വില്ലേജിലുള്ള റവന്യൂ മിച്ചഭൂമി പ്ലോട്ടുകളിൽ ബ്ലോക്ക് പഞ്ചായത്തും റവന്യൂ വകുപ്പും ജില്ലാ ശുചിത്വ മിഷനും സംയുക്തമായി പരിശോധന നടത്തുകയും ചെയ്തു.



Website: www.lsgkerala.in/kondottyblock
Office e-mail: nregakdy@gmail.com bdokondotty@gmail.com, bdokndmlp.crd@kerala.gov.in

File No. REV-L1/66/2025-REV (Computer No. 3085893)
Generated from eOffice by SADASIVAN E, ASO (U3) REV, ASO (U3) REV, Revenue Department on 19/03/2025 11:23 AM

പരിശോധനയിൽ പുളിക്കൽ വില്ലേജിലെ ബ്ലോക്ക് 8 ൽ ഉൾപ്പെട്ട റീ.സ 175/3, 176/1, 2 ലെ അഞ്ച് ഏക്കര് ഭൂമി പാറമലയാണെങ്കിലും മേല് പദ്ധതിക്ക് അനുയോജ്യമാക്കാൻ പറ്റുമെന്ന് കണ്ടെത്തി.

ആയതിനെ തുടർന്ന് പ്രസ്തുത ഭൂമി കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൻറെ ആരോഗ്യ ശുചിത്വ പരിപാലന പദ്ധതിക്കായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് സൂചന 5 പ്രകാരം അപേക്ഷിക്കുകയും ചെയ്തു.

ഭൂമി സംബന്ധിച്ച് പുളിക്കല് വില്ലേജ് ഓഫീസര് സമർപ്പിച്ച റിപ്പോർട്ടില് ന്യൂനതകൾ ഉള്ളതിനാല് ആയത് പരിഹരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സൂചന 5 പ്രകാരം ഭൂരേഖ തഹസിൽദാര് അറിയിച്ചു.

വിഷയം ചർച്ച ചെയ്യുന്നതിനായി 29.02.2024 ന് കൊണ്ടോട്ടി ഭൂരേഖ തഹസിൽദാരുടെ യോഗം ചേരുകയും ചെയ്തു.

എന്നാൽ നാളിതുവരെയായി ഇക്കാര്യത്തില് തീരുമാനമായിട്ടില്ല.

ആയതിനാൽ പുളിക്കല് വില്ലേജിലെ ബ്ലോക്ക് 8ൽ റീ.സ 175/3, 176/1, 2 ല് ഉൾപ്പെട്ട 5 (അഞ്ച്) ഏക്കർ ഭൂമി കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൻറെ ആരോഗ്യ ശുചിത്വ പദ്ധതിക്കും, ബ്ലോക്ക് പരിധിയിലെ ഗ്രാമ പഞ്ചായത്തുകളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കുമായി ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

പ്രസിഡൻറ്
കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്



File No. REV-L1/66/2025-REV (Computer No. 3085893)

Generated from eOffice by SADASIVAN E, ASO (U3) REV, ASO (U3) REV, Revenue Department on 19/03/2025 11:23 AM

<u>ഭരണഭാഷ-മാതൃഭാഷ</u>

**ജില്ലാ കളക്ടറുടെ കാര്യാലയം,സിവിൽ സ്റ്റേഷൻ മലപ്പുറം-676505,ഫോൺ 0483-2734922**

ഫാക്സ്- 0483-2730010, ഇ മെയിൽ- dcm.ker@nic.in

**തീയതി** :23-08-2022

പ്രേഷകൻ

ജില്ലാ കളക്ടർ,

മലപ്പുറം

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി

റവന്യൂ (എൻ) വകുപ്പ്

തിരുവനന്തപുരം

സർ,

വിഷയം:- നിയമസഭാ ചോദ്യം നമ്പർ 1488- കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്- ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിക്ക് ഭൂമി അനുവദിക്കുന്നതിലെ നടപടികൾ- സംബന്ധിച്ച്

സൂചന:- (1) റെവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 19/08/2022ലെ എൻ3-106/2022 ആർ ഡി നമ്പർ കത്ത്

(2) കൊണ്ടോട്ടി ഭൂരേഖാ തഹസിൽദാരുടെ 22/08/2022ലെ എൽ4-4947/22 നമ്പർ കത്ത്

**********************

കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിക്ക് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നിയമസഭാചോദ്യം സംബന്ധിച്ച് സൂചന (2) പ്രകാരം കൊണ്ടോട്ടി ഭൂരേഖാ തഹസിൽദാരിൽനിന്നും ലഭ്യമായ വിവരങ്ങൾ ഖണ്ഡിക തിരിച്ച് താഴെ ചേർക്കുന്നു.

എ. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിക്ക് കൊണ്ടോട്ടി താലൂക്കിൽ പുളിക്കൽ വില്ലേജിൽ മിച്ചഭൂമിയിൽനിന്നും ഭൂമി അനുവദിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. ലഭ്യമായ ഭൂമി കൊണ്ടോട്ടി താലൂക്ക് പുളിക്കൽ വില്ലേജിൽ സർവ്വേ നമ്പർ 139/8ൽ ഉൾപ്പെട്ട ഭൂമി അല്ലെന്നും ആയത് 94/2A1pt, 74/1A, 158/2, 446/1, 185/3 സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ടുകൊണ്ട് കിടക്കുന്ന ഭൂമിയാണെന്നും ടി ഭൂമി കെ സി കുഞ്ഞിരായിൻ ആന്തിയൂർക്കുന്ന്, ശ്രീ കുട്ടക്കിൽ ചെമ്പാട്ട് മുഹമ്മ്ടി ഭൂമി കെ സി കുഞ്ഞിരായിൻ ആന്തിയൂർക്കുന്ന്, ശ്രീ കുടുക്കിൽ ചെമ്പാട്ട് മുഹമ്മദ്, ശ്രീ കുടുക്കിൽ ചെമ്പാട്ട് യൂസുഫ്, ശ്രീ കെ പി മൊയ്തീൻകുട്ടി, ശ്രീ കെ സി മോനുദ്ദീൻ ഹാജി, ശ്രീ കല്ലാകളാട്ടുങ്ങൽ മുഹമ്മദാജി, ശ്രീ തെഞ്ചേര് പാത്തുമ്മക്കുട്ടി എന്നിവരിൽനിന്നും ഏറ്റെടുത്തിട്ടുള്ളതാണ് എന്നും സൂചന പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ബി. ടി ഭൂമി പദ്ധതിക്ക് അനുയോജ്യമാണോ എന്ന് പരിശോധിക്കുന്നതിന് താലൂക്ക് സർവ്വേയർ, പുളിക്കൽ വില്ലേജ് ഓഫീസർ, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ 23/08/2022ന് സംയുക്ത പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

വിശ്വാസപൂർവ്വം,

I/171629/2022

DEPUTY COLLECTOR

ജില്ലാ കളക്ടർക്ക് വേണ്ടി

പകർപ്പ്:

(1) കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

(2) സെക്രട്ടറി, സ്റ്റേറ്റ് ലാന്റ് ബോർഡ്, തിരുവനന്തപുരം

Signed by

Anver Sadath P

Date: 23-08-2022 10:45:38

ഭരണഭാഷ-മാതൃഭാഷ

**ജില്ലാ കളക്ടറുടെ കാര്യാലയം,സിവിൽ സ്റ്റേഷൻ മലപ്പുറം-676505,ഫോൺ 0483-2739573**

ഇ മെയിൽ- dcm.ker@nic.in

File No. DCMPM/7283/2022-C5 **തീയതി :16-11-2024**

പ്രേഷകൻ

ജില്ലാ കളക്ടർ,

മലപ്പുറം

സ്വീകർത്താവ്

തഹസിൽദാർ

കൊണ്ടോട്ടി

സർ,

വിഷയം:- കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യശുചിത്വ പദ്ധതിക്കായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 27/10/2024ലെ LSGD/JD

/MPM/7262/2024-ബി3 നമ്പർ കത്ത്

2. ഈ കാര്യാലയത്തിലെ 17/03/2023, 07/07/2023 തീയ്യതികളിലെ ഇതേ നമ്പർ കത്തുകൾ

**********************

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യ ശുചിത്വ പദ്ധതിക്കായി ഭൂമി അനുവദിക്കുന്നതിനായി പദ്ധതിക്കുതകുന്ന ഭൂമി സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിൽനിന്നും സ്ഥിരീകരണം ലഭ്യമാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സൂചന (2) പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും നാളിതുവരെ റിപ്പോർട്ട് ലഭ്യമായിട്ടില്ലാത്തതാണ്.

ടി വിഷയത്തിൽ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച അപേക്ഷ സൂചന (1) പ്രകാരം അയച്ചു തന്നത് പരിശോധിച്ചതിൽ കൊണ്ടോട്ടി താലൂക്ക് പുളിക്കൽ വില്ലേജിലെ ബ്ലോക്ക് നം 8ൽ 175/3, 176/1-2 എന്നീ സർവ്വേ നമ്പറിൽ പെട്ട 5 ഏക്കർ ഭൂമിയാണ് പദ്ധതിക്ക് അനുയോജ്യമായി കണ്ടെത്തിയതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പദ്ധതിക്കനുയോജ്യമായി ബ്ലോക്ക് പഞ്ചായത്ത് സൂചന (1) അപേക്ഷയിൽ പരാമർശിക്കുന്ന ഭൂമി സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തിരമായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. സൂചന (1) കത്ത് ഇതൊന്നിച്ച് അയക്കുന്നു.

വിശ്വാസപൂർവ്വം

Signed by
P Anver Sadath
Date: 16-11-2024 10:49:47

ജില്ലാ കളക്ടർക്ക് വേണ്ടി



File No. REV-L1/66/2025-REV (Computer No. 3085893)

Generated from eOffice by SADASIVAN E, ASO (U3) REV, ASO (U3) REV, Revenue Department on 19/03/2025 11:23 AM

ഉള്ളടക്കം: സൂചന (1) കത്ത്

---

ഇത് കമ്പ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവശ്യമില്ല .ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

---

<u>ഭരണഭാഷ-മാതൃഭാഷ</u>

**കൊണ്ടോട്ടി തഹസിൽദാരുടെ കാര്യാലയം,കൊണ്ടോട്ടി-673638**

ഫോൺ **0483 2713311 ,** ഇ-മെയിൽ- **tah.kondotty.rev@kerala.gov.in**

**File No. TLKKDY/831/2022-C1** **തീയതി: 19-12-2024**

പ്രേഷകൻ

തഹസിൽദാർ(ഭൂരേഖ)

കൊണ്ടോട്ടി

സ്വീകർത്താവ്

ജില്ലാ കളക്ടർ

മലപ്പുറം

സർ,

വിഷയം:- കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ ശുചിത്വ പദ്ധതിക്ക് ഭൂമി ലഭ്യമാക്കുന്നത്- സംബന്ധിച്ച്

സൂചന :- അങ്ങയുടെ **08/08/2022** ലെ **DCMPM/831/2022/c1** നമ്പർ കത്ത്.

**********************

സൂചനയിലേക്ക് സാദരം ശ്രദ്ധക്ഷണിക്കുന്നു. പുളിക്കൽ വില്ലേജിലെ **CR 700/1973** നമ്പർ പ്രകാരം ശ്രീ കെ. എം. കുഞ്ഞിരായിൻ എന്നവരിൽ നിന്നും മിച്ചഭൂമിയായി ഏറ്റെടുത്ത ബ്ലോക്ക് **008** റി സ **175/3,176/1-2** ൽപ്പെട്ട **5** ഏക്കർ **40** സെന്റ് ഭൂമി ചെങ്കുത്തായതും കരിമ്പാറയിനത്തിൽപ്പെട്ടതും പതിവിന് ഉപയുക്തമല്ലാത്തതുമായ ഭൂമിയാണ് .ടി ഭൂമി കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യ ശുചിത്വ പദ്ധതിക്കും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ഉപയുക്തമാണോ എന്ന് ബന്ധപ്പെട്ട വകുപ്പുമായി ആലോചിച്ച് തീരുമാനിക്കാവുന്നതാണെന്നുംമുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു .സ്കെച്ച്, ബി ടി ആർ പകർപ്പ് എന്നിവ ഇതോടൊപ്പം സമർപ്പിക്കുന്നു..

വിശ്വാസപൂർവ്വം

തഹസിൽദാർ (ഭൂരേഖ),കൊണ്ടോട്ടി

ഉള്ളടക്കം/പകർപ്പ് :

ഇത് കമ്പ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവിശ്യമില്ല .ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് **https://eoffice.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്

മലപ്പുറം ജില്ല
കൊണ്ടോട്ടി താലൂക്ക് സ്കെച്ച് പള്ളിക്കൽ വില്ലേജ്

BL-8. 176/1/2, 175/3




| | |
|---|---|
| 175/3 | 0.7200 |
| 176/1/2 | 1.4560 |



File No. LKKDY/1866/2025-RR (Computer No. 3077/3085893)
Generated from eOffice by MUSTHAFA V, LAND REVENUE OFFICE, KONDOTTY, Revenue Department on 19/3/2025 11:23 AM

# ലൊക്കേഷൻസ്കെച്ച്






File No. TLKKDY/3662/2025-CR (Computer No. 3085893)
Generated from eOffice by MUSSAB K, VA, TLKKDY, TALUK OFFICE, KONDOTTY, Revenue Department on 2025 11:23 AM

# A Register - Single Data

Generated on 18/08/2023

District :മലപ്പുറം Taluk :കൊണ്ടോട്ടി Village : പുളിക്കൽ Block : 008

RSTR

| Survey No & SubDiv No | | Type | Area | | | Tax | | Thandapper No. & Address | Remarks | B Register Index |
|---|---|---|---|---|---|---|---|---|---|---|
| New | Old | | Hect | Are | Sqm | Rs | Ps | | | |
| 176-1-2 | 8 | പുറമ്പോക്ക് | 1 | 45 | 60.00 | 0 | | State | സർക്കാർ | 21ഷ(രൂ2) |
| **Grant Total :** | | | **1** | **45** | **60** | **0** | **00** | | | |

98



File No. ... (Computer No. ...3085893)
Generated from eOffice by ... TALUK OFFICE KONDOTTY ... 2025 11:23 AM

# A Register - Single Data

Generated on 13/03/2024

District :മലപ്പുറം    Taluk :കൊണ്ടോട്ടി    Village : പുളിക്കൽ    Block : 008

| Survey No & SubDiv No | | Type | Area | | | Tax | | Thandapper No. & Address | Remarks | B Register Index |
|---|---|---|---|---|---|---|---|---|---|---|
| New | Old | | Hect | Are | Sqm | Rs | Ps | | | |
| 175-3 | 4/2 | പുറമ്പോക്ക് | 0 | 72 | 80.00 | 0 | | State | | |
| **Grant Total :** | | | **0** | **72** | **80** | **0** | **00** | | | |



File No. TLKKDY/1866/2025-RR (Computer No. 3085893)
Generated from eOffice by MUSTHAFA V, LANDTHASILDAR, TALUK OFFICE, KONDOTTY, Revenue Department on 19/03/2025 11:23 AM

ഭരണഭാഷ-മാതൃഭാഷ

**ജില്ലാ കളക്ടറുടെ കാര്യാലയം,സിവിൽ സ്റ്റേഷൻ മലപ്പുറം-676505,ഫോൺ 0483-2739573**

ഇ മെയിൽ- dcm.ker@nic.in

File No.DCMPM/7283/2022-C5 **തീയതി :15-03-2025**

പ്രേഷകൻ

ജില്ലാ കളക്ടർ,

മലപ്പുറം

സ്വീകർത്താവ്

ജോയിന്റ് ഡയറക്ടർ

തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

മലപ്പുറം

സർ,

വിഷയം:- കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യശുചിത്വ പദ്ധതിക്ക് ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന:-

1. താങ്കളുടെ 27/10/2024ലെ LSGD/JD /MPM/7262/2024-ബി3 നമ്പർ കത്ത്
2. കൊണ്ടോട്ടി തഹസിൽദാരുടെ 19/12/2024ലെ TLKKDY/831/2022-C1 നമ്പർ കത്ത്

**********************

കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ആരോഗ്യശുചിത്വ പദ്ധതിക്കായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുള്ള ഭൂമി സംബന്ധിച്ച് സൂചന (2) പ്രകാരം കൊണ്ടോട്ടി തഹസിൽദാർ സ്കെച്ച്, ബി ടി ആർ പകർപ്പ് എന്നിവ സഹിതം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി ഭൂമി സി ആർ 700/73 നം മിച്ചഭൂമിക്കേസിൽ ശ്രീ കുഞ്ഞിരായിൻ എന്നവരിൽനിന്നും കൊണ്ടോട്ടി താലൂക്ക് പുളിക്കൽ വില്ലേജിൽ പഴയ സർവ്വേ നമ്പർ 8ൽ ഏറ്റെടുത്ത 5.40 ഏക്കർ മിച്ചഭൂമിയാണെന്നും ടി ഭൂമിയുമായി ബന്ധപ്പെട്ട് ശ്രീ മുഹമ്മദലി കെ എം എന്നവർ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 10620/2024 നം കേസ് നിലവിലുള്ളതാണെന്നും തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടി ഭൂമി വളരെ ചെങ്കുത്തായതും കരിമ്പാറ ഇനത്തിൽപ്പെട്ട പതിവിന് ഉപയുക്തമല്ലാത്ത ഭൂമിയാണെന്നും ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതികൾക്ക് ഈ ഭൂമി ഉപയുക്തമാണോ എന്ന കാര്യം ബന്ധപ്പെട്ട വകുപ്പുമായി ആലോചിച്ച് തീരുമാനിക്കാവുന്നതാണെന്നും തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആയതിനാൽ ടി ഭൂമി ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിക്ക് അനുയോജ്യമാണോ എന്ന് റവന്യൂ

അധികാരികളുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് പരിശോധിക്കേണ്ടതും പദ്ധതിക്ക് ഈ ഭൂമി അനുയോജ്യമെങ്കിൽ ആവശ്യമായ ഭൂമി സംബന്ധിച്ച വിശദമായ പ്രപ്പോസൽ കൊണ്ടോട്ടി തഹസിൽദാർ മുഖേന സമർപ്പിക്കേണ്ടതുമാണ് .

വിശ്വാസപൂർവ്വം

Signed by
P Anver Sadath
Date: 15-03-2025 09:57:28

ജില്ലാ കളക്ടർക്ക് വേണ്ടി

ഉള്ളടക്കം:

സൂചന (2) കത്ത്

പകർപ്പ്

1. തഹസിൽദാർ (ഭൂരേഖ), കൊണ്ടോട്ടി. (ടി ഭൂമി പൊതു ആവശ്യത്തിന് മാറ്റി വെച്ച് ലാന്റ് ബോർഡ് ഉത്തരവായിട്ടുണ്ടോ എന്ന വിവരം പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്)
2. പ്രസിഡന്റ്, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്.

---

ഇത് കമ്പ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവശ്യമില്ല .ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

---